# Srishti

THE VOICE OF DMC




**DEVA MATHA COLLEGE, KURAVILANGAD**
**ANNUAL 2014-2015**


Deva Mtha : Pray For us

## OUR PATRON



Mar Joseph Kallarangattu



Mar Jacob Muricken
Auxilary Bishop



Rev. Fr. Abraham Kollithanathumalayil
Our Manager



Dr. Joy Jacob
Our Principal



Rev. Fr. Joseph Puthiedathu
Our Bursar

# EDITORIAL BOARD



Rev. Dr. Joseph Sebastian
(General Editor)



Dr. Rooly N. Joseph
(Staff Editor)



Dr. Ciby Kurian
(Staff Editor)



Sri. Alphin Chacko
(Staff Editor)



Vineeth Krishnan
(Student Editor)


## Most Cordial Welcome to the new Management Team!!!



Very Rev. Dr. Joseph Thadathil
(Manager)



Dr. Philip John
(Principal)



Rev. Fr. Joseph Thekkel
(Bursar)

## Heartfelt Thanks to the outgoing Management Team



Very. Rev. Fr. Abraham Kollithanathumalayil
(Manager)



Dr. Joy Jacob
(Principal)



Rev. Fr. Joseph Puthiedath
(Bursar)

# Farewell to our beloved Teachers



Dr. P. Augustine Mathew
(Dept. of English)



Dr. T. T. Devasia
(Dept. of Commerce)



Dr. C. Tomy Jose
(Dept. of Commerce)



Smt. Ansamma Abraham
(Dept. of Malayalam)



Dr. M. N. Presanna Antherjanam
(Dept. of Sanskrit)



Smt. Rosamma Thomas
(Dept. of Botany)

# Farewell to our Non-Teaching staff



Smt. Rosamma Thomas
(Senior Superintendent)



Sri. George G. Chennelil
(Senior Superintendent)



Rev. Sr. Lillykutty Alex
(U. D. Clerk)



Sri. Louis Johny Joseph
(Library Assistant)



Smt. K. V. Marykutty
(Laboratory Assistant)



Smt. Mary Joseph
(Library Assistant)

# Welcome to our New Teachers



Ms. Vidya Jose
(Dept. of Chemistry)



Dr. John Prakash
(Dept. of Chemistry)



Dr. Tony Thomas
(Dept. of Chemistry)



Mr. Syju Thomas
(Dept. of Physics)



Ms. Anju C. Augustine
(Dept. of Mathematics)



Rev. Fr. Dinoy Mathew
(Dept. of Commerce)

# Welcome to our Non-Teaching Staff



Sr. Cincy Kurian
(Office Attendant)



Sri. Prince Jose
(Office Attendant)



# FROM THE PRINCIPAL'S DESK...

Welcome to the edition of Deva Matha college Magazine "Shristi". At this moment, Deva Matha has completed fifty long years of her existence with achievements and glories. Never once in her long stride, she had to look back and regret over the past. You are indeed blessed to find the opportunity of being educated at one of the best colleges of Kerala. And this is my firm conviction that you would carry the rich values and traditions imbibed here to greater heights. Our college has the privilege to have healthy and harmonious ambience and the credit goes to the blessing of our elite college management and the diligence put in by learned teachers. This institution has played a cascading role in the carrier and personality of innumerable students who have brought laurels to the college, state, and country alike.

Dear students, it is the age of cut throat competition. Apart from being adept in the field of studies, one needs to have the holistic development of person here. Deva matha has always in the forefront, imparting a holistic development true to her motto. I intently believe that you would have an all round development of your personality during your stay in this 'saraswathi temple' of learning. Let us with renewed vigour and enthusiasm carry Deva matha's pride to millions. And this magazine which showcases the best in our students be the symbol of our pride. As I retire this year I take this opportunity to thank everyone who co-operated with me to lead DevaMatha to greater heights.

I congratulate the whole crew behind the Magazine and wish them all the best


**Dr. Joy Jacob**
Principal

| | | |
|---|---|---|
| Publisher | : | Dr. Joy Jacob |
| General Editor | : | Rev. Dr. Joseph Sebastian Pariath |
| Staff Editors | : | Dr. Ciby Kurian |
| | | Dr. Rocily N. joseph |
| | | Sri. Alphin Cherian |
| Stuent Editor | : | Vineeth Krishnan |
| Layout & Printed at | : | Madathikunnel Graphics, Muttuchira, Kottayam, Ph: 04829 321388 |

Declaration about Ownership of Deva Matha College Annual 2014-'15 (See from IV Rule 8)

| | | |
|---|---|---|
| Place of Publication | : | Kuravilangad |
| Periodity of Publication | : | Annual |
| Publishers name | : | Dr. Joy Jacob |
| Address | : | Principal, Deva Matha Collefe, Kuravilangad |

(Dr. Joy Jacob, hereby declare that the particulars given above are true to the best of my knowledge and belief)



# എഡിറ്റോറിയൽ

കണ്ട കാഴ്ചകൾക്കൊന്നും മധുരം പോരാ...
കേട്ടവയൊക്കെ കാതുകളെ വീർപ്പുമുട്ടിക്കുന്നു...
ഞങ്ങൾക്കു വേണ്ടത് പറയപ്പെടാത്തവയെക്കുറിച്ചുള്ള
വിപ്ലവമായിരുന്നു....
ഞങ്ങൾ കാതോർത്തത് കുച്ചുവിലങ്ങിട്ട യുവത്വത്തിന്റെ
മോചനത്തിനായിരുന്നു.....
ആരും നടക്കാത്ത വഴികളിലൂടെ
ഞങ്ങൾ കൈകൾ കോർത്തു നടന്നു
കാലുകൾ ഇടറിയപ്പോൾ പലരും തിരിച്ചു നടന്നു
കടന്നുവന്ന വഴികളിൽ പഴയമയുടെ രോഷം
ഉണ്ടായിരുന്നു,
പ്രതിഷേധത്തിന്റെ മുള്ളുകളും....
എങ്കിലും നടന്നു തീരാത്തണഞ്ഞപ്പോൾ
ഒരു ശിശിരത്തിനും വിട്ടുകൊടുക്കാതെ
നെഞ്ചോടണച്ചു ഞങ്ങൾ ചേർത്തു പിടിച്ചിരുന്നു...
പറയാനുള്ളവയൊക്കെ കോർത്തുവച്ചിരുന്ന ഒരു സ്വപ്നം!
ആർക്കും പണയപ്പെടുത്താത്ത നാവും
ചങ്ങലയ്ക്കിടാത്ത തൂലികയും മാത്രം
കൈമുതലായുള്ളവരുടെ
ഒരു കൊച്ചുസ്വപ്നം.....
ഇത് ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു...
ഇനി പറയാനുള്ളത് ഞങ്ങൾക്കല്ല നമുക്കാണ്....
അറിവിന്റെ,
സൗഹൃദത്തിന്റെ,
പ്രണയത്തിന്റെ...
അങ്ങനെ എന്റെയും നിങ്ങളുടെയും
ഹൃദയസ്പന്ദനങ്ങൾ തുടിക്കുന്ന
മറ്റു ചിലത്....

സ്നേഹപൂർവ്വം,
**വിനീത് കൃഷ്ണൻ**
സ്റ്റുഡന്റ് എഡിറ്റർ



കലാലയകാഴ്ചകൾ

| | | |
|---|---|---|
| 1. | യാത്രാമൊഴി | 11 |
| 2. | ചാവറയച്ചാ, വന്ദ്യപിതാവേ | 12 |
| 3 | Ignited Belly | 14 |
| 4. | The black Shadow | 15 |
| 5. | My Melody | 16 |
| 6. | Sign of a Lost Daughter | 17 |
| 7. | Cosmic Revelution | 18 |
| 8. | My Search for the Answer | 21 |
| 9 | നാഗരികദീപിന്റെ............ | 22 |
| 10. | കവിത | 25 |
| 11. | അറിയാത | 27 |
| 12. | വ്യസനം | 28 |
| 13. | അഡ്മിഷൻ | 35 |
| 14. | I had been Eat and away | 45 |
| 15. | ഇറോം ശർമ്മിളയ്ക്ക് | 48 |
| 16. | വിഷാദയാമം | 49 |
| 17. | Fallen Leaf | 50 |
| 18. | നിരീശ്വരൻ | 51 |
| 19. | തൊഴിലുറപ്പ് | 52 |
| 20. | Faceless Book | 53 |
| 21. | Alone | 54 |
| 22. | ഇനിയെന്നും ഓർമ്മയിൽ | 51 |
| 23. | My Search for the Answer | 57 |
| 24. | My Mother | 58 |
| 25. | ചോദ്യം | 59 |
| 26. | അസ്തമയം | 60 |
| 27. | Execution | 62 |
| 28. | Kiss in her Eyes | 63 |
| 29. | The Lament | 64 |
| 30. | ഒരു ഉറുമ്പിന്റെ അന്ത്യം | 65 |
| 31. | ഈ രക്തത്തിലെ പങ്ക് | 68 |
| 32. | അമ്മ സ്നേഹമോ | 69 |
| 33. | At the Threshold of Love | 70 |
| 34. | Money Masters | 71 |





# യാത്രാമൊഴി

ഗോപിക സുരേഷ്
ഒന്നാം വർഷ ജന്തുശാസ്ത്രം

വിദ്യാകാലം കഴിഞ്ഞു, നമ്മുടെ
സൗഹാർദ്ദ പുഷ്പത്തിൻ ഇതൾ പൊഴിഞ്ഞു
വേർപെട്ടകലുന്ന കാലടിപ്പാടുകൾ
ഹരിതവർണ്ണങ്ങളായ് വന്നണഞ്ഞു
നിലാവേ... പറയുകയില്ലയെൻ തിങ്കളേ...

മരുപ്പച്ച തേടിയെൻ സോപാനത്തിൽ,
രാജസിംഹാസനം താലമേന്തി
ദൂരത്തകലുന്ന പൈങ്കിളിത്തെന്നലേ
ഒരു നാളെങ്കിലും വന്നിടുമോ....
നിലാവേ.... പറയുകയില്ലയെൻ തിങ്കളേ...

(വിദ്യാകാലം കഴിഞ്ഞു)

ഈ വനഭൂമിയും ഈ കുളിർകാറ്റും
നഷ്ടസ്വപ്നങ്ങൾ തൻ സ്മാരകമോ
പനിനീരിൽ ചാർത്തിയ പരിമളബിന്ദുക്കൾ
നിറകുടമേന്തിയ വാർത്തിങ്കളേ...
നിലാവേ.... പറയുകയില്ലയെൻ തിങ്കളേ....

(വിദ്യാകാലം കഴിഞ്ഞു)

വിട ചൊല്ലി അകലുമീ തേങ്ങും മനസ്സിനെ,
പകലോൻ പൈങ്കിളി അറിഞ്ഞതില്ല
വീണ്ടുമൊരുഷസ്സിനെ വരവേല്ക്കുമോ
ഈ ധന്യനിമിഷങ്ങൾ ഓർത്തിടുമോ....
നിലാവേ.... പറയുകയില്ലയെൻ തിങ്കളേ...

(വിദ്യാകാലം കഴിഞ്ഞു)



# ചാവറയച്ചാ, വന്ദ്യപിതാവേ, അങ്ങേയ്ക്കു സ്നേഹപ്രണാമം

അലക്സ് എം. ലോപ്പസ്
ബി.കോം. രണ്ടാം വർഷം

**ചാ**വറയച്ചൻ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെട്ടു. വിശുദ്ധിയും വിജ്ഞാനവും വിവേകവും ഒരുപോലെ സമ്മേളിക്കുന്ന ആ ധന്യാത്മാവിന്റെ നന്മ നിറഞ്ഞ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം എന്തുകൊണ്ടും അർത്ഥവത്താണ്.

കേരളം ചാവറയച്ചന് നൽകിയ വിശേഷണങ്ങൾ പലതാണ്. ജാതിമത വർഗ്ഗവർണ്ണ വിചാരങ്ങളുടെ ചേരിതിരിവു കൊണ്ടു വികലമായിരുന്ന കേരളചരിത്രത്തിന്റെ ഗതിയെ 66 വർഷത്തെ തന്റെ വിശുദ്ധജീവിതം കൊണ്ട് തിരുത്തിക്കുറിച്ച ഒരു യുഗസൃഷ്ടാവ്, താഴ്ന്ന ജാതിക്കാരനും ഉയർന്ന ജാതിക്കാരനും ഒരു ബെഞ്ചിലിരുന്ന് വിദ്യയഭ്യസിക്കുന്ന ഒരു നവകേരളത്തെ സ്വപ്നം കണ്ട് ജാതിമതഭേദമെന്യേ ആർക്കും പ്രവേശിക്കാവുന്ന സാംസ്കൃത വിദ്യാലയം സ്ഥാപിച്ച് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ദീർഘദർശി, അറിവും ആത്മീയതയും ആയുധമാക്കിയ സാഹിത്യകാരൻ, പത്തൊൻപതാം നൂറ്റാണ്ടിന്റെ കേരളസഭാചരിത്രത്തെ ദൈവികമായ പ്രഭ കൊണ്ട് അനുഗ്രഹിച്ച വൈദികസാന്നിധ്യം, ഭാരതത്തിന്റെ പുരോഹിതപുണ്യം ഇങ്ങനെ പോകുന്നു ശ്രേഷ്ഠവൈദികന് കാലം ചാർത്തിക്കൊടുത്ത വിശേഷണങ്ങൾ. "He lived for a divine cause and that itself made him live virtuously" ദൈവദർശനം എന്ന നിധിക്കുവേണ്ടി വിലയേറിയതൊക്കെ ദൈവത്തിന്റെ പാദത്തിൽ അർപ്പിച്ച്, നിഷ്ഠയാർന്ന സന്ന്യാസവ്രതശുദ്ധിയുടെ ജീവിത ശീലുകളിലേക്ക് അച്ചൻ നടന്നു നീങ്ങിയപ്പോൾ ആത്മാഭിഷേകത്തിന്റെ നിറവും മനുഷ്യസ്നേഹത്തിന്റെ നനവും ഉള്ള സന്ന്യാസപുരോഹിതനെയാണ് ദൈവം കത്തോലിക്കാസഭയ്ക്ക്; വിശിഷ്യാ ഭാരതസഭയ്ക്ക് നൽകിയത്.

കേരളത്തിന്റെ 18, 19 നൂറ്റാണ്ടുകളിലെ ചരിത്രം അറിയുന്ന എല്ലാവരെയും ആശ്ചര്യപ്പെടുത്തുന്നതാണ് അച്ചന്റെ ബഹുമുഖങ്ങളായ സേവനങ്ങൾ. സി.എം.ഐ, സി.എം.സി. സന്ന്യാസ സഭകളുടെ സ്ഥാപനം, സാംസ്കൃത വിദ്യാലയത്തിന്റെ ആരംഭം, ജാതിമതഭേദമെന്യേ ആർക്കും പ്രവേശിക്കാവു[ന്ന] പള്ളിക്കൂടങ്ങളുടെ സ്ഥാപനം, അഗതികൾക്ക് സംരക്ഷണം നൽകാൻ ഒരു പരസ്നേഹധർമ്മശാലയുടെ ആരംഭം, അച്ചടിശാലകൾക്ക് തുടക്കം കുറിക്കൽ, കേരളത്തിലെ കത്തോലിക്കാവിശ്വാസത്തെത്തന്നെ തകർത്തിക്കളഞ്ഞേക്കാമായിരുന്ന റോക്കോസ്



ശീശ്മയുടെ നിർമാർജ്ജനം, ബലിയർപ്പണത്തിലൂടെയും ആത്മീയ പ്രഭാഷണത്തിലൂടെയും സമൂഹത്തെ ദൈവത്തിങ്കലേക്കടുപ്പിച്ച് തന്റെ പൗരോഹിത്യധർമ്മം ത്യാഗോജ്ജ്വലമായി നിറവേറ്റിയ അർപ്പിത മനസ്സ്. ഇങ്ങനെ പോകുന്നു ആ ധന്യാത്മാവിന്റെ സ്നേഹസേവനങ്ങളുടെ സവിശേഷയാത്ര.


ചാവറയച്ചന്റെ ബഹുതലസ്പർശിയായ സേവനങ്ങളുടെ നന്മയാണ് നമ്മിൽ പലരും ഇന്ന് നേടിയെടുക്കുന്ന വിദ്യാഭ്യാസ ഉന്നതിയുടെ തായ്‌വേര് എന്ന് ഒരിക്കലും മറക്കാതിരിക്കാം. ഏകദേശം ഒന്നര നൂറ്റാണ്ട് മുമ്പ് തന്നെ നമ്മുടെ സമൂഹത്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങളിലേക്കും ക്രിസ്തീയ വിശ്വാസത്തിന്റെ സംസ്കൃതിയിലേക്കും വെളിച്ചം വീശിയ ആ താപസവൈദികനെ നന്ദിപൂർവ്വം ഓർമ്മിച്ചെടുത്തില്ലെങ്കിൽ, ചരിത്രം മാപ്പു തരാത്ത അപരാധമായി അത് മാറും.

'ഒരു മനുഷ്യജന്മം കൊണ്ട് ഇത്രയേറെ കർമ്മങ്ങളോ?' എന്ന് അതിശയിച്ച് പോകത്തക്കവിധം അത്ര ശ്രേഷ്ഠമായാണ് ആ താപസവൈദികൻ ജീവിച്ചു കടന്നു പോയത്. അതിനാൽ മരണത്തിന് അതിരു കുറിക്കാനാവാത്ത ഒരു മഹാത്മാവായി അദ്ദേഹം മാറിയിരിക്കുന്നു. ചാവറയച്ചന്റെ ചിന്താശകലങ്ങളിൽ ശ്രേഷ്ഠമായ ഒന്ന് നമ്മെ പ്രചോദിപ്പിക്കട്ടെ. "അന്യർക്ക് ഉപകാരമെങ്കിലും ചെയ്യാത്ത ദിനങ്ങൾ നിശ്ചയമായും നിങ്ങളുടെ ആയുസ്സിന്റെ പുസ്തകത്തിൽ എണ്ണപ്പെടില്ല."

പത്തൊൻപതാം നൂറ്റാണ്ടിന്റെ കേരളചരിത്രത്തെ ദൈവികമായ പ്രഭ കൊണ്ടനുഗ്രഹിച്ച വൈദികസാന്നിധ്യമേ, ഞങ്ങളുടെ മനസ്സിൽ അങ്ങേയ്ക്കു മരണമില്ല. വിദ്യ കൊതിക്കുന്ന ഞങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാൻ, ഞങ്ങളുടെ മാതാപിതാക്കളുടെ സ്വപ്നങ്ങൾക്ക് പ്രതീക്ഷ നൽകുവാൻ, ക്രിസ്തീയവിശ്വാസത്തിന്റെ ജീവിതസാക്ഷ്യം കൊണ്ട് പവിത്രമായ കർമ്മങ്ങൾ ചരിത്രത്തിന്റെ ആത്മാവിലർപ്പിച്ച ചാവറയച്ചാ, വന്ദ്യപിതാവേ, അങ്ങേയ്ക്ക് സ്നേഹപ്രണാമം.



# Ignited BELLY



**Sithara Kumar**
III DC Communicative English

With the freshness and rosy sunshine of the early morning, the world steps up its heel to earn and fill what? Of course, its stomach!. True, it is hunger that gives rise all curiosities and it will, was and is existing till the Earth embraces life. Now, let us come to the point, a boy stole eatables everyday from a bakery run by an old christian man. One day I caught him red handed a few paces away from the bakery and asked him "Why are you stealing, don't you know its a crime?", He shot his words back at me, "I am destined to eat it!. Food is nobody's is private property. Is any basterd's is name engraved on it?". Is it? And it cut straight through my heart, sent my head throbbing. Spitting these words like venom he shook off his arms from my clutches and ran away, melling into the hubbub of the street. I fell myself evaporating as if the question burnt me alive.

Many days passed away and there was no sign of this boy. Then I happened to meet his friend and enquired of him. He said, he was gone and where? no reply, he didn't know. Knowing and there was a sharp pang on my heart. Oh God! Is he going to repeat the same task, same words if he is caught? The world won't spare him! They will tear him up, a kitten in the mouth of a hound!

Questions and inabiliity to meet him ever again haunts me, prayers only option left and one thing became evident, ignited bellies can't produce ignited minds.



# THE BLACK SHADOW

**Nimitha Radhakrishnan**
*III Dc English*

I can hear the sound of leaf
the sound that touches the flower.
I can feel their love
When they kisses each other.
If God made me like this flower
My life would have a beautiful cadence
the cruel God made me as a toy car
One can drive me when he likes
One can stop me when he likes
One can sell me when he likes
One can buy me when he likes
I can see this white wall
and my black shadow
Yes! I am the opprused face
among these whites......
I can see my opprused
through my tears in this paper
but that drops washes away my letters
My comrade is my anguish
Mind call me as a funk
I can't stop my words
Like my tears
I can't write my words,
Like my life.




**Sruthi V.**
*II DC Communicative English*

Its something that is rare.....
That I'm talking to myself with dare.....
About my melody.....
What is it? Nobody knows
On the banks of my river,
they stood unknown to the trench....
That It take then away they find...

But I found.....really, myself
of what makes me myself
It's my Melody!

Never ends..... Never reveals,
and none hears it at once.
Why because they're still at the banks....
My Melody.....

It's something that is odd to all others.....
It's not from my throat..... but my soul.....
Yes....It's My Melody....
So special and unique!



# Sign of a Lost Daughter

**Anjali P.**
*III DC English*


There are things she regrets
There are things capable
Whom should she ask,
Whom should she curse
for the riddling mystery of fate.

She hoped it'id calm soon,
but convulsion gets stronger
Sometimes she let it go,
Assured, there is no remedy
but to mourn in silence.

She wonders, why don't they just talk
She wonders, why don't they just live,
Throwing their child into dark pit,
It gets hard on her
to pick the suitable
to speak the unspoken

All she needs is a hapy life
just like others of her eye
She doesn't wont to refere between them,
She asks, "Dont I deserve a worth story"?

# FIRST THREE MINUTES: THE COURSE OF COSMIC REVELUTION




Universe contain soup of matter and radiation undergoing random collition with each other. Description of universe at cooled threshold temperature of ($10^{11}$ °k) is most comprihensible.

Temperature of universe is 100000 million degree kelvin ($10^{11}$ °k), where baryon number and lepton number are too small or zero. Despite its rapid expansion universe is at a state of thermal equilibrium.

Abundant particles present in universe, threshold temperature below $10^{11}$ °k, are electrons, positron, photon, neutrino and antineutrino (neutrinos).

At the time universe is so dense that neutrions are at thermal equilibrium with electron, positron, photon by rapid collition. (neutrino can travel through lead brick with no scattering). Particles produce radiations of different kinds.

By stefan- Boltzman law energy density of electromagnetic radiation at temperature $10^{11}$ °k is 4.72 x $10^{44}$ electron volt per litre. Total energy of universe at this temperature is 9/2 greater OR 21x$10^{44}$ electron volts per litre.

At the time universe is expanding cooling at charecteristic time for expansi about 0.02 seconds.

Nuclear particles are present for 1000 million photon/electron/ neutrino. Col of photon/protin with electron/ positron/ ne nos produce transition of protons and neu and vice versa. Important reactions are:-

a. Antineutrino plus proton yields positio neutron and vice versa

b. Neutrino plus neutron yields electron proton and vice versa

Equilibrium requisite equal No. of tons and electrons. Nuclear particle donet into nucleus. Energy to break a typical nu about 6-8 million electron volt per nuclea ticle, is less than thermal energy at $10^{11}$ complex nuclei are demolished before m tation.

By estimation based on hubble constant ander superposition density of universe is twice ts critical value its circumference is approxi-nately about 125000 million light years. For first ew minutes the cosmic evolution is indepen-lent of its size or circumference.

Temperature of universe is 30,000 mil-ion degree as 0.11 seconds elapse ($3x10^{10}$ ºk). Nuclear particles and sub particles are at ther-nal equlibrium all high above threshold tempera-ure. Energy density of universe drops to about 0 million times energy density in rest mass of vater. Rate of expansion drops. Nuclear par-icle still not bound to nuclei. Temperature falls, eavy neutrons turn into light protons than vice ersa. Nuclear particle balance shift to 38% neu-rons and 62 percent protons. Hitherto 1.09 s lapse, universe no longer in theral equilibrium. Neutrons behave as free particles, provide a part f source of gravitational field. Energy density lrops to a mass density eqal to 380,000 times of vater. Charecteristic time for expansion of uni-erse increases to 2 seconds. Temperature is wice threshold temperature of electrons and ositrons, so they annihilate more fast they are ecreated out of radiation. Still too hot for nucle-ns to form nuclei. Proton- Neutron balance shift o 24% neutrons and 76% protons.

Hitherto 13.82 s elapse, temperature of niverse is 3000 million degree kelvin ($3x10^9$ k). Heat now below threshold temperature of lectrons and positrons, so they disappear as onstituent of universe. Then temperature of uni-erse mean heat of photon. Energy density drop ke forth power of temperature.

Now nuclei is formed from a chain par-cle reactions. A proton and a neutron together orm a heavy hydrogen or deterium (Extra en-rgy and momentum carried away by photon). Deterium nucleus collide a proton or neutron to orm nucleus of Helium three ($He^3$). or tritium $H^3$).

Helium three collide with neutron & tri-um collide with a proton to form Helium ($He^4$). alance is now 17% neutrons & 83% protons. 82 seconds elapsed temperature is now 1000 illion degree kelvin ($10^{10}$ ºk). Chief constitu-ents of universe are now photon, neutrino and antineutrino. Energy realesed in electron-positron annihilation give photon temperature 35 percent high than of neutrons. Nuclei continous to build up. Collision of nuclear particles and nuclear subbparticles are well ceased. Now de-cay of neutron begin. Every 100 s, 10% of neu-tron decay to proton.

Balance is now 14% neutrons & 86% protons. Temperature drops to point where deterium bottleneck is passed and deterium nuclear could hold together. By chain of two par-ticle reaction heavynuclei are made. Helium nu-clei cook is now at fast pase.

For 1000 million photons per nuclear particle, nucleosynthesis will begin at $0.7x10^9$ ºk. Balance mnow is 13% neutrons of 87% pro-tons. 2080 seconds elapse universe at $3x\ 10^8$ ºK. Energy density equals 9.9 percent of water. An amond of electron exist to balance charge of pro-tons after electron-proton annihilation. Universe at characteristic expansion time of about one and a quarter hours.

Nuclear process stops after, nuclear par-ticles are helium nuclei or free photon. One elec-tron for one free or bound proton.

Universe still hot to hold stable atoms. Universe expands and cools, no much of interest occur for 700,000 years. New temperature drops to a favourable condition for formation of stable atom. lack of free electrons make universe con-tents transparent to radiation. Decoupling of matter and radiation lead formation of stars and galaxies. Materials left over by processes out of which stars are formed 22.28% Helium and rest is hydrogen.

Presence of Helium in earth is low as helium is light and chemically inert and it's most quantity escaped earth ages ago.

The brief explanation of evolution of unicverse was by, steven Weinbegy in his fanmous book first three minutes' It gives the brief account, on how universe is made from 'Big Bang'. It was a critically acclaimed book marked by stephen Hawking as best book on astrology.

# Rank Holders Meet

(Rank Holders of the Last Fifty Years)



# My search for the answer

Flamy Benny
I MA English

I don't know why!
But I really miss her.
I eagerly am waiting for her call.
But am disappointed.
And I always remember
The beautiful moments she brought to me.
I thought she flew away from me.
Like the fly from one tree to another.
She is happy with her new friends and surroundings.
Yes am also happy.
But not as much as that of the previous days.
When she was with me
Why she became close to me.
I asked to the wind the sky the moon
But no one is there to quench my thirst.
Why? it is my question
And I am still searching for that answer...
Which carries my life...?



ഫാത്തിമാസാറ കെ.
ഒന്നാം വർഷ ജന്തുശാസ്ത്രം

ഇരമ്പുന്ന കടൽത്തിരമാലകൾക്കിടയിലൂടെ തിളങ്ങുന്ന നക്ഷത്രം പോലെ പവിഴപ്പുറ്റുകൾ. പവിഴപ്പുറ്റുകളുടെ സൗന്ദര്യത്തിന് മുന്നിൽ കീഴടങ്ങി അതിനെ ഉറ്റു നോക്കുന്ന ദ്വീപ് സമൂഹങ്ങൾ, അവിടുത്തെ പൂഴിമണലിന്റെ സ്നേഹ വാത്സല്യങ്ങൾ. എല്ലാം ഒത്തിണങ്ങിയ ദ്വീപ് സമൂഹമാണ് ലക്ഷദ്വീപ്. ലക്ഷദ്വീപിനെ വർഷങ്ങൾക്ക് മുമ്പ് ലക്കഡീവ്സ് അമിനി & മിനിക്കോയ് ഐലന്റ് എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ദ്വീപുകാരുടെ പ്രധാന തൊഴിലുകൾ മത്സ്യബന്ധനം, കൃഷി എന്നിവയാണ്. പ്രകൃതി ഭംഗിയുടെയും സംസ്കാരത്തിന്റെയും വിലപ്പെട്ട കേന്ദ്രമാണ് ഇവിടം. പവിഴപ്പുറ്റുകളുടെ അമൂല്യമായ ശേഖരണം സഞ്ചാരികൾ വിശ്രമസ്ഥാനമായി മാറ്റിയിരിക്കുന്നു.

ഇന്ത്യയുടെ പടിഞ്ഞാറേക്കടലിൽ ജനവാസമുള്ള പത്തും ജനവാസമില്ലാത്ത 17-ഉം വെള്ളത്തിൽ ഭാഗികമായി മുങ്ങിക്കിടക്കുന്ന 6-ഉം 3 പവിഴപ്പുറ്റുകളും അടങ്ങുന്നതാണ് ലക്ഷദ്വീപ്. ജനവാസമുള്ള പത്തു ദ്വീപുകൾ മാത്രമാണ് അറിയപ്പെട്ടുകൊണ്ടിരിക്കുന്നത്. അമിനി, കവരത്തി, കടമത്ത്, കിൽത്താൻ, ചെത്ത്‌ലാത്ത്, ബിത്ര, ആന്ത്രോത്ത്, കൽപ്പേനി, അഗത്തി, മിനിക്കോയ്.

ലക്ഷദ്വീപിന്റെ തലസ്ഥാന നഗരി കവരത്തിയാണ്. ലക്ഷദ്വീപിന്റെ സവിശേഷതകളിൽ ഒന്നാണ് ഭാഷാവൈവിധ്യം. ഈ ഭാഷ 'ജസരി' എന്ന പേരിൽ അറിയപ്പെടുന്നു. ദ്വീപിന്റെ ഭാഷ 'ജസരി' ആണെങ്കിൽ പോലും ഓരോ ദ്വീപിന്റെയും സംസാരശൈലിയിൽ വ്യത്യാസമുണ്ട്. ലക്ഷദ്വീപിൽ ഉൾപ്പെട്ടതാണെങ്കിൽ പോലും ഭാഷ കൊണ്ടും വസ്ത്രധാരണം കൊണ്ടും വേറിട്ടു നിൽക്കുന്ന ദ്വീപാണ് 'മിനിക്കോയ്'. ഈ ദ്വീപുകാർ മഹൽ സംസാരിക്കുന്നവരാണ്. മുസ്ലിം സമുദായം മാത്രം നിലനിൽക്കുന്നതാണ് ലക്ഷദ്വീപിന്റെ മറ്റൊരു പ്രത്യേകത. ഇവിടെ ഇന്നും ജാതിസമ്പ്രദായം നിലവിലുണ്ട്. കോയ, മേലാച്ചേരി, മാൽമി. 'കോയ' ജാതിക്കാരാണ് ഏറ്റവും മുകളിൽ നിൽക്കുന്നത്. ആചാര അനുഷ്ഠാനങ്ങളാവട്ടെ എല്ലാറ്റിനും വേറിട്ടൊരു മുഖമാണ് ലക്ഷദ്വീപിനുള്ളത്. ഇവിടുത്തെ യാത്രാമാർഗ്ഗം കപ്പൽ, ബോട്ട് എന്നിവയാണ്.



# നാഗരിക ദ്വീപിന്റെ സാംസ്കാരിക മുഖം

ിഷങ്ങൾക്ക് മുമ്പ് നടന്ന ഇന്ത്യ-പാക്ക്
ുദ്ധത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു
ായവരിൽ ഒരാളായിരുന്നു
ന്റെ സ്വന്തം ദ്വീപുകാരൻ ജവാൻ
ത്തുകോയ. അദ്ദേഹത്തിന്റെ സ്മാരകം
ന്നും ലക്ഷദ്വീപിൽ നിലനിൽക്കുന്നു.
ı1-ൽ ഊർജ്ജ-ക്യാബിനറ്റ് മന്ത്രിയായി
ലനിന്നിരുന്നത് ദ്വീപിന്റെ സ്വന്തം
.എം. സഈദ് ആണ്. അദ്ദേഹം 2005-ൽ
ൗ ലോകത്തോട് തന്നെ വിട പറഞ്ഞു.
റക്കൽ ദുർഭരണത്തെ എതിർത്ത്
്പുസുൽത്താനോട് കൂറ് പ്രഖ്യാപിച്ച്
ഗലാപുരത്ത് കൊണ്ടുപോയി
ീപുല്പന്നങ്ങൾ വിൽക്കാൻ തന്റേടം
ാണിച്ച് ദ്വീപിന്റെ യശസ്സ് ഉയർത്തി
ാണിക്കുകയാണ് അവിടുത്തെ
നങ്ങൾ ചെയ്തത്.

രോപ്യൻ, ആഫ്രിക്കൻ, ഏഷ്യൻ
ാണിജ്യപാതയിലാണ് ലക്ഷദ്വീപ് സ്ഥിതി
ചെയ്യുന്നത്. മലബാർ തീരത്തു നിന്നും
0-400 കിലോമീറ്റർ ദൂരമേ ലക്ഷദ്വീപിന് ഉള്ളൂ.
04 മെയ് 4-ന് ഉണ്ടായ വെള്ളപ്പൊക്കം
ീപിനെ നടുക്കിയ പ്രധാനപ്പെട്ട ഒന്നാണ്.
നേകായിരം ചരിത്രസംഭവങ്ങൾക്ക്

ഈ ദ്വീപ് സാക്ഷ്യം വഹിച്ചിട്ടുണ്ട്.
ലക്ഷദ്വീപ് കടലിനടിയിലെ മനോഹരകാഴ്ചകൾ
കാലിഡോസ്കോപ്പിലെ പോലെ മനോഹരവും
വിസ്മയകരവുമാണ് ഭംഗി നിറഞ്ഞ
വെള്ളമണൽ ബീച്ചുകൾ, തെളിഞ്ഞ ജലം,
ചെറുപൊയ്കകൾ, മത്സ്യസമ്പത്ത്,
വൈവിധ്യമേറിയ പവിഴപ്പുറ്റ് ശേഖരം,
ജലകേളികൾക്കുള്ള സൗകര്യങ്ങൾ,
സെയിലിംഗ് ബോട്ടുകൾ എന്നിവ
ലക്ഷദ്വീപിനെ രാജ്യത്തിനകത്തും
പുറത്തുമുള്ള ടൂറിസ്റ്റുകളുടെ
ഇഷ്ടകേന്ദ്രമാക്കുന്നു. ഓരോ ദ്വീപും
മഞ്ഞുപോലെ വെളുത്ത മണലുകൾ
നിറഞ്ഞതാണ്. 1997-ൽ ദേശീയ
തലത്തിലുള്ള പ്രകൃതി ടൂറിസത്തിനുള്ള
പുരസ്കാരം ലക്ഷദ്വീപിന് ലഭിച്ചിട്ടുണ്ട്.
ലക്ഷദ്വീപിൽ ജനിച്ചു വളർന്നു എന്നതിൽ
ഞാൻ അഭിമാനിക്കുന്നു.
ലക്ഷദ്വീപ് എന്ന പേര് കേൾക്കുമ്പോൾ
എന്റെ മനസ്സിൽ ഉയരങ്ങൾ
താണ്ടിയ ഒരു അനുഭൂതി.













V. Rev. Fr. Paul Alapatt memorial

**Vocabulary Quiz**

# കവിത

ദേവിക എം. എ.

ഇനി ഒരു മരണത്തിന് ശേഷം പുനർജനിച്ച കവിത.
പിടഞ്ഞുമരിച്ച് മരവിച്ച് പിന്നെ
പിണഞ്ഞുയർന്ന് ഒരു പാവംകവിത
വൃത്തവും പ്രാസവും ആദ്യമരണത്തിൽ
മരിച്ചുതന്നെ പോയി
ഉയർത്തെണീറ്റത് ആത്മാവില്ലാത്ത കുറെ അക്ഷരങ്ങൾ
അതങ്ങനെ തലങ്ങനെ വിലങ്ങനെ
തുന്നിപ്പിടിപ്പിച്ച് കവിതകളാക്കി
രതിയുംകാമവും സമ്മിശ്രംചേർത്തവ
കവിയുടെ തീക്ഷ്ണതയാൽവാഴ്ത്തപ്പെട്ടു
അസ്യംഓരോ ടീസ്പൂൺ കുറുക്കിയവരികൾക്ക്
നിരൂപകന്റെ പ്രത്യേക അഭിനന്ദന പരാമർശം
ജീവതംതൊട്ടുതീണ്ടാത്ത കവിതാശകലങ്ങൾക്ക്
ഒരു ഉട്ടോപ്യൻവിശദീകരണം
കാശിനുവേണ്ടി ഒരൽപം കപടതകൂടിവാരിവിതറിയപ്പോൾ
ലോകം അവരെ നോബൽ ജേതാക്കളാക്കി
ആഹാ!! വിതയ്ക്കാതെകൊയ്യുന്ന ഈ യന്ത്രം
ഇനി മറ്റാർക്കും അയച്ചുതരാൻ നിർവ്വാഹമില്ല
ഒരിക്കൽ മരിച്ചതുകൊണ്ടിനി
മരണമില്ല
ഇങ്ങനെപോകാം



# Physics Association Inauguration







# അറിയാതെ!

ഇനിയും ലഭിക്കുമോ പൊയ്പോയ ബാല്യം
എൻ തോഴരുമൊന്നിച്ച് കളിച്ചിടുവാൻ

ഓർമകളാകുവാൻ കഴിയാത്ത നിമിഷങ്ങൾ
നിശ്ചലമാകാതെ സ്പന്ദിക്കുമോ!

ഇണക്കവും പിണക്കവും
അല തല്ലി നിന്നൊരാ മൺപാതയിൽ

ഇനിയും ആരുടെയോ പദതാളം
കേൾക്കുവാൻ കാത്തിരിപ്പൂ.....

ഇനിയൊരുനാൾ ഈ പാതയിൽ നാം കാണുമ്പോൾ
പുഞ്ചിരി കൊണ്ടൊരു ആശ്ലേഷമാവാം!

അർച്ചന ദേവി കെ. രാജ്
ഒന്നാം വർഷ ധനതന്ത്രം

# വ്യ
# സ
# നം

-ശ്രുതി ഇ.കെ

കാലങ്ങളുടെ അടിയൊഴുക്കിൽ
മനുഷ്യർ ക്രൂരമായ്ത്തീരുന്നു
എന്തൊരു ശക്തിയാണിവയ്ക്ക്
സ്നേഹം എന്ന വാക്ക്
പലതിനും അടിമപ്പെടുന്നു.
അതിന് അടിയുറച്ചവർക്ക്
പലതും നഷ്ടമാകുന്നു.
ഒരു പക്ഷെ അവരെത്തന്നെ
ഇന്നലെക്കുറിച്ചോർത്ത്
വ്യസനിക്കുന്ന ഓർമ്മകൾ
സ്വപ്നങ്ങൾ നീർച്ചാലുകളെപ്പോൽ
ഒഴുകുന്നു.
കരങ്ങളിൽ ഭീതി ഉയർത്തുന്നതെന്നാൽ
നഷ്ടസ്വപ്നത്തിൽ
ചിറകൊടിഞ്ഞ പക്ഷിയായ്
പറക്കാൻ പറ്റാതെ ഞാൻ തെന്നിവീഴുന്നു.

ഓരോ കണ്ണുകളുമതിൽ
ആഴ്ന്നിറങ്ങുന്നു. ചിലർ
അതിൽ ആനന്ദം കാണുന്നു.
മറ്റുചിലർ കുത്തിനോവിക്കുന്നു.
സുഗന്ധമില്ലാത്ത പുഷ്പങ്ങൾ
ക്രൂരമായ ജന്മങ്ങൾ
സ്മരണകളെ സൂക്ഷിച്ചും ഇരുട്ടറകളിൽ
ഒരു പുനർജന്മത്തിന് ഞാൻ കാത്തിരിക്ക

# മലയാളവിഭാഗം അസ്സോസിയേഷൻ പ്രവർത്തനങ്ങൾ 2014–15

കുറവിലങ്ങാട് ദേവമാതാ കോളേജ് മലയാള വിഭാഗത്തിന് ഉന്നതവും ശ്രേഷ്ഠവും ചരിത്രപരവുമായ ഒരു സ്ഥാനമുണ്ട്. ചെറുതും വലുതുമായ എല്ലാവിധ പ്രവർത്തനങ്ങളിലും മലയാളം അസോസിയേഷൻ സജീവസാന്നിധ്യം അറിയിച്ചിട്ടുണ്ട്.

### അസ്സോസിയേഷൻ ഉദ്ഘാടനം

യൂണിവേഴ്സിറ്റി തലത്തിൽ സുവർണ്ണശോഭയിൽ വിരാജിക്കുന്ന ദേവമാതാ കോളേജ് കുറവിലങ്ങാട് ഉന്നതമായ പ്രവർത്തനശൈലിയിൽ പാഠ്യപാഠ്യേതര രംഗങ്ങളിൽ മികച്ചു നിൽക്കുന്നു. 2014-15 അദ്ധ്യയന വർഷത്തെ അസ്സോസിയേഷൻ ഉദ്ഘാടനം ആഗസ്റ്റ് 26-ാം തീയതി വകുപ്പ് മേധാവി ഡോ. ഫിലിപ്പ് ജോൺ സാറിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മധുര കാമരാജ് യൂണിവേഴ്സിറ്റി മലയാള വിഭാഗം മുൻ മേധാവിയും എഴുത്തുകാരനും ദാർശനികനും ഭാഷാ പണ്ഡിതനുമായ ഡോ. സി.ജെ. റോയി ഉദ്ഘാടനം നിർവഹിച്ചു. ദേവമാത കോളേജ് പ്രിൻസിപ്പാൾ ഡോ. ജോയി ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. പ്രസ്തുത ചടങ്ങിൽ മുൻ അസ്സോസിയേഷൻ സെക്രട്ടറി ഷെഫിൻ ഡൊമിനിക് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ അരങ്ങേറി. മലയാള കുടുംബത്തിലേക്ക് പുതുതായി കടന്നുവന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഹൃദ്യമായ വരവേല്പ് നൽകാൻ ഈ വേദി ഉപയുക്തമായി.

### വായന ദിനാഘോഷം

പി.എൻ. പണിക്കർ ചരമദിനമായ ജൂൺ 19-ന് മികച്ച പരിപാടികൾ സംഘടിപ്പിക്കാൻ നമുക്കു സാധിച്ചു. കോളേജ് തലത്തിൽ പദ്യം ചൊല്ലൽ മത്സരം സംഘടിപ്പിച്ച് കാവ്യരസത്തെ അനുഭവവേദ്യമാക്കാൻ സാധിച്ചു.

### ഓണാഘോഷം

ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 5-ന് നടന്നു. ഒപ്പം അദ്ധ്യാപക ദിനാഘോഷവും അദ്ധ്യാപകരെ ആദരിക്കലും നടന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി നടത്തിയ മത്സരങ്ങളിൽ എവരും സജീവമായി പങ്കെടുത്തു. മനോഹരമായ പൂക്കളവും അഴകേറിയ തിരുവാതിരകളിയും മധുരിതമായ പായസവും അദ്ധ്യാപകരെയും കുട്ടികളെയും ഒരുമിച്ചു ചേർത്തുള്ള ഓണക്കളികളും ആഘോഷത്തിനു മാറ്റുകൂട്ടി.

### കേരളപ്പിറവി

കേരളപ്പിറവി ദിനം മലയാളവിഭാഗം വിദ്യാർത്ഥികൾ സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥികൾ എല്ലാവരും മലയാളത്തനിമയാർന്ന വസ്ത്രം ധരിച്ചാണ് എത്തിയത്. 'കേരളചരിത്രം' എന്ന വിഷയത്തിൽ നടത്തിയ ക്വിസ് മത്സരം ഉന്നതനിലവാരം പുലർത്തി. രണ്ടാം വർഷ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി യാത്രാവിവരണ രചനാമത്സരം നടത്തുകയും ചെയ്തു.

### ദേശീയ സെമിനാർ

സാഹിത്യ സിദ്ധാന്തങ്ങളെക്കുറിച്ച് നടത്താറുള്ള നാഷണൽ സെമിനാർ ഡിസംബർ 10,11 തീയതികളിൽ നടന്നു. രംഗകലകളെക്കുറിച്ച് പ്രസംഗങ്ങളും, പ്രബന്ധങ്ങളും അവതരിപ്പിച്ചു. കേവലം സിദ്ധാന്തങ്ങളിലൊതുക്കാതെ മുടിയേറ്റ് എന്ന ക്ഷേത്രകലയെ രംഗത്തവതരിപ്പിച്ച് എല്ലാവർക്കും അനുഭവവേദ്യമാക്കി.

### കെ.പി. അപ്പൻ അനുസ്മരണം

മലയാളസാഹിത്യം കണ്ട ഏറ്റവും പ്രഗത്ഭനായ നിരൂപകനി കെ.പി. അപ്പനെക്കുറിച്ചുള്ള അനുസ്മരണം ഡിസം. 15-ന് നടന്നു. കെ.പി. അപ്പന്റെ ജീവിതത്തെക്കുറിച്ചും പ്രധാന സാഹിത്യ ചിന്തകളെക്കുറിച്ചും മലയാള വിഭാഗത്തിലെ അദ്ധ്യാപകരായ ഡോ. ജോബിൻ ജോസ്, ഫാ. സാൽവിൻ കെ. തോമസ് എന്നിവർ പ്രഭാഷണം നടത്തി. കെ.പി. അപ്പൻ അനുസ്മരണം നിരൂപണലോകത്തേക്കുള്ള ഒരു വാതായനമായി.

### ക്രിസ്മസ് ആഘോഷം

പ്രതീക്ഷയുടെ പൊൻവെളിച്ചം നിർത്തുന്ന ക്രിസ്മസ് മലയാളവിഭാഗം വിപുലമായി ആഘോഷിച്ചു. എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ കരോൾ ഗാനമത്സരം, സ്കിറ്റ് എന്നിവയിൽ വിജയം നേടി ക്യാഷ്പ്രൈസ് കരസ്ഥമാക്കി. ക്രിസ്മസ് കേക്ക് വിതരണം, സമ്മാന വിതരണം എന്നിങ്ങനെ വിവിധ പരിപാടികൾ നടത്തുകയും ചെയ്തു.

വിശേഷദിവസങ്ങളിൽ സർഗ്ഗാത്മക രചനകളും നിരൂപണങ്ങളും ഉൾക്കൊള്ളിച്ച് 'സർഗവസന്തം' ചുവർപത്രിക കോളേജ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് വരുന്നു. വർഷങ്ങൾക്കു മുൻപ് കാര്യക്ഷമമായി നടത്തിയിരുന്ന 'വ്യാഴാഴ്ചക്കൂട്ടം' പുനരാരംഭിക്കുകയും സാഹിത്യ ചിന്തകൾ ചർച്ച ചെയ്യുകയും ചെയ്തു വരുന്നു. ഇങ്ങനെ വ്യത്യസ്തവും മികവേറിയതുമായ നിരവധി പ്രവർത്തനങ്ങളാൽ സമ്പന്നമായിരുന്നു. 2014-2015 അദ്ധ്യയനവർഷത്തെ മലയാളവിഭാഗം അസ്സോസിയേഷൻ പ്രവർത്തനങ്ങൾ. വിദ്യാർത്ഥികളെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ സമർത്ഥരാക്കുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക, വ്യക്തിത്വവികസനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിച്ച ചാരിതാർത്ഥ്യം മലയാളം അസോസിയേഷന് ധൈര്യപൂർവ്വം അവകാശപ്പെടാനാകും.



ദേവമാതാ കോളേജ് സുവർണ്ണജൂബിലി വർഷം ഇക്കണോമിക്സ് അസ്സോസിയേഷൻ വൈവിദ്ധ്യമാർന്ന പരിപാടികളാണ് സംഘടിപ്പിച്ചത്. അസ്സോസിയേഷന്റെ 2014-15 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അഡ്വ. റ്റി.എം. ജോർജ് നിർവഹിച്ചു. അവയവദാന സന്ദേശ തീവ്രയജ്ഞപരിപാടി ദേവമാതാ കോളേജിന്റെ സ്ഥാപക ശ്രേഷ്ഠർക്കായി നടത്തിയ സ്മരണാഞ്ജലി, ഇക്കണോമിക്സ് ടൈംസ് പ്രകാശനം, ഗുരുവന്ദനം, പൂർവ്വവിദ്യാർത്ഥി സംഗമം, പൂർവ്വവിദ്യാർത്ഥിരത്നം അവാർഡ് വിതരണം, ഇന്റർ കോളേജിയറ്റ് ഇക്കണോമിക്സ് ക്വിസ്സ്, പ്രകൃതി ജീവനസെമിനാർ, ഗാന്ധിസ്മാരക പ്രഭാഷണം, ഡോ. പി.ജെ. തോമസ് അനുസ്മരണം, പ്രതിഭാസംഗമം, പ്രതിഭാ പ്രകാശനം, ജൂബിലിഹോം നിർമ്മാണ ശ്രമദാനം, കേരളാ സയൻസ് സിറ്റി പ്രബന്ധ മത്സരം, സാന്ത്വനം, കരിയർ ഓറിയന്റേഷൻ സെമിനാർ, പവ്വർ പോയിന്റ് പ്രസന്റേഷൻ മത്സരം, ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ കുതിപ്പും കിതപ്പും - പ്രഭാഷണം, കുറവിലങ്ങാട് വികസന സെമിനാർ, ലഹരിവിരുദ്ധ ബോധവത്കരണയജ്ഞം, നേത്ര പരിശോധനാ ക്യാമ്പ്, ദന്തപരിശോധനാ ക്യാമ്പ്, പ്രകൃതി കൃഷി സെമിനാർ, നിയമ അദാലത്ത്, കവിതാ സമാഹാര പ്രകാശനം, പ്രതിഭകളെ ആദരിക്കൽ, സുവർണ്ണജൂബിലി സ്മരണിക പ്രകാശനം തുടങ്ങി 51 ഇന പരിപാടികളാണ് ഇക്കണോമിക്സ് അസ്സോസിയേഷൻ സംഘടിപ്പിച്ചത്.

ഇക്കണോമിക്സ് അസ്സോസിയേഷന്റെ പരി
കളിൽ സഹകരിച്ച പ്രമുഖരിൽ കർദ്ദിനാൾ
ജോർജ്ജ് ആലഞ്ചേരി, ആർച്ച് ബിഷപ്പ്
ജോസഫ് പൗവ്വത്തിൽ, ആർച്ച് ബിഷപ്പ്
ജോസഫ് പെരുന്തോട്ടം, മാർ ജേക്കബ് മുരിക്കൻ,
ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ
മെത്രാപ്പോലീത്താ, മോൺ. അബ്രാഹം
ത്താനത്തുമലയിൽ, മന്ത്രി പി.ജെ. ജോസഫ്,
കെ.സി. ജോസഫ്, ഡോ. തോമസ്
എം.എൽ.എ. അഡ്വ. മോൻസ് ജോ
എം.എൽ.എ. അഡ്വ. സുരേഷ് കുറുപ്പ് എം.എൽ
മുൻ കേന്ദ്രമന്ത്രി പി.സി. തോമസ്,
പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, കോ
ജില്ലാ കളക്ടർ അജിത് കുമാർ ഐ.എ.
വയനാട് ജില്ലാ കളക്ടർ കെ.ജി
ഐ.എ.എസ്. സൗത്ത് ഇൻഡ്യൻ ബാങ്ക്
ചെയർമാൻ ഡോ. വി.എ. ജോസഫ്,
സംസ്കൃത സർവ്വകലാശാല വൈസ്ചാൻസ
ഡോ. എം.സി. ദിലീപ്കുമാർ, പി.എസ്.സി.
പ്രൊഫ. ത്രേസ്യാമ്മ മാത്യു, ജുഡീഷ്യൽ
ജഡ്ജി കെ.എ. ബേബി, പോളിറ്റ് ബ്യൂറോ
ഡോ. പി.ജെ. ജെയിംസ്, കോട്ടയം പ്രസ്
പ്രസിഡന്റ് എസ്. മനോജ്, ഡോ. ജേ
വടക്കുംചേരി, തേക്കിൻകാട് ജോസഫ്, സാ
ഡയറക്ടർ ആനി ബാബു തുടങ്ങി
ഉൾപ്പെടുന്നു.

ജോമോൻ വ
ബ

# ഇക്കണോമിക്സ് അസ്സോസിയേഷൻ



The activities of Botany association during the year 2014-15 started with noon programme. The Programme was conducted on August 14th 2014. Onam and Teacher's day cecebrations were conducted on 5/9/14. Various entertainment programmes gave beauty to the programme. We too showed our presence in the Christmas programmes. On January Ist 2015, a send off function was arranged for our lab assistant K.V. Marykutty. The function was presided by Dr. Joy Jacob, the Principal.

The formal inaguration of Botany association was conducted on 20/2/15. The function was presided by Dr. M. Anice Kurian, Head of the department. The inaguration was done by our former HOD, Prof. George Mathew Muricken. An inter collegiate 'Quiz Competition' was conducted on the same day. The first question was delivered by Prof. George Mathew Muricken. UC College, Alwaye bagged the first prize. Fruits day was conducted on 6th march 2015. The programme was attracted by the students and teachers of various departments. Send off function was arranged for Dr. Joy Jacob and Rosamma Thomas, our beloved teachers. The function was arranged on 27/3/15 was presided by our HOD Dr. M. Anice Kurian.

We thank God almighty for his blessings which made our programmes successful.

# ANNUAL REPORT BOTANY ASSOCIATION 2014-2015



# ANNUAL REPORT MATHEMATICS ASSOCIATION 2014-2015


The activities of Mathematics association for the year 2014-15 ... mended with the Onam Celebration held in the month of September 2014 ... that occasion students created a beautiful 'pookalam' and conducted other ... petitions in our department. Prizes were then distributed by the head of the ... partment, Prof. K.J. Mathew and other teachers.

In accordance with Christmas, Programmes were arranged in the ... lege and our department had an effective participation in that. On 15 Decem... 2015, a team of students participated in the intercollegiate Maths quiz he... Assumption College Changanassary. The participants were Athira N. and D... Andrews.

The formal inaguration of the association was held on 19th January 2... graced by the presence of Prof. P.J. Joy, K.E. College, Mannanam. The inter... legiate Maths quiz was conducted (Quiz MasterO Prof. P.J. Joy). Fifteen te... participated. The teams of Alphonsa college, Pala; Baselius college, Kotta... and S.B. college, Changanassery won the first, second and third prizes res... tively. They were awarded cash prizes worth 1501 (first prize), 751 (sec... prize) and 501 (third prize). 20th January 2015 saw a historic moment whe... were crowned the champions of Inter department cricjket championship.

Activities of the Maths Association came to an end with the ... programme held on 13 February 2015. We stayes a splendid programme pa... with colourful dancer performed by the students.

Before winding up we would like to thank God Almighty for all ... blessings. We also thank our teachers, especially Sri. K.J. Mathew, our de... ment head, Smt Jyothy Thomas, Smt. Akhila Vijayan andd= Smt. Anju C. Au... tine for their support and encouragement for the activitied of the Mathem... Association for the year 2014-15.



I have immense pleasure to present the activites of Zoology Association during the academic year 2014-15. The formal inauguration of the association was held on 6th February 2015.Prof. Sajan Jose Associate Prof. St. Joseph's College Moolamattam inaugurated the function. The function was presided ouer by Dr. Joy Jacob Principal, DMC. On the very same day a seminar on 'Meliponiculture' was conducted Prof. Sajan Mathew was the resource person. Students presented various cultural programmes.

Onam was celebrated colourfully with athapookkalam, payasam and various games. Since the celebration was on September 5th Teachers day was also celebrated with cake cutting and honouring teachers by giving surprise gifts.

X'mas day was celebrated with cake cutting. Department wise competition were held and Zoology Association won second prize. We also participated in the arts and sports competitons and won prizes.

## ANNUAL REPORT ZOOLOGY ASSOCIATION 2014-2015



The self financing department of Commerce and Triple Main English was commenced in the year 2013, under the supervision and guidance of Rev.Fr.Salvin Thomas Kalaliparambil (Director of self-financing). The department is enriched by nine teachers. The department has kept high level of excellence by producing maximum academic performance and co-curricular activities.

The activities of our association 'Concerdia 2014-15' was inaugurated on 12August 2014 The function was presided over by the Principal and was inaugurated by the Chief Editor of Deepika Fr. Bobby Alex Mannampalackel.

The other Programmes organized by the association are the following:-

-Debate competition on the topic "objectivity in the subjective world' was conducted on 1/09/2014. -"Spectra 2015"- an interactive session with the Director Mr. Aneesh Urunbil and editor Mr. Linto Thomas of the film Mashithand.


-Quiz competitions for I DC Englis dents on the subject 'Literary Theory'.

-Derivative classes regarding online share ing were given to B.Com students by Prof. of Cochin Business school.

-The Dept of English, both the teachers and dents spent a day together to visit Mala Manorama Press Kottayam.

Apart from this the Department has part in all the activities conducted by the lege including Arts Fest, Sports Competi and other co-curricular activities. It was a g moment for the Dept, when the students be the Runner's up in the Art's Fest. All in a Dept. continues it's marvellous journey wi cooperation, support and creativity of it's bers.

## ASSOCIATION REPORT
### B.com Taxation & B.A. Tripple Main





# അഡ്മിഷൻ ഫോം

**ശരണ്യ സി. ദാസ്**
മൂന്നാംവർഷ സാഹിത്യം

**എ**ന്റെ വ്യത്യസ്തതകൾ എന്നെ വ്യത്യസ്തയാക്കി. ആ വ്യത്യസ്തതകൾ എന്നെ ഒറ്റപ്പെടുത്തി. അത് എന്നെ അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും പ്രയാണത്തിന്റെ ആരംഭദിശയിൽ കൊണ്ടെത്തിച്ചു. 'Iam what I am' പക്ഷേ......

അന്ന് കോളേജിൽ അഡ്മിഷൻ ഫോം പൂരിപ്പിച്ചുകൊണ്ടിരുന്ന ഞാൻ ഓരോ ചോദ്യത്തിന്റെയും ഉത്തരം എന്ത് എഴുതണമെന്നറിയാതെ കുഴങ്ങി. എന്തൊക്കെയോ എഴുതിവച്ച് ഫോം ഓഫീസിലെ ചേട്ടന്റെ കൈയിൽ ഏല്പിച്ചപ്പോൾ എന്തോ മോശ്വാസം തോന്നി. ഹയ്യോ... എങ്ങനെയൊക്കെയോ രക്ഷപെട്ടു. എത്രയധികം വൈമനസ്യത്തോടെയാന്നറിയോ അപ്പന്റെ പേരും അമ്മയുടെ പേരും ഒക്കെ എഴുതിയത്. പിന്നെ അഡ്രസ്സിന്റെ കാര്യം- അതെഴുതാൻ! ശരിക്കും പാടുപെട്ടു. എന്തിനാ അവർക്കീ അഡ്രസ്സിന്റെയൊക്കെ ആവശ്യം? ആവശ്യങ്ങൾ ഒത്തിരിയുണ്ടെന്നറിയാം. എന്നാലും.... അതും ഈ Permanent Address എന്നൊക്കെ പറയുമ്പോൾ.... രണ്ടും കൽപ്പിച്ച് ഞാൻ ഹോസ്റ്റലിലെ അഡ്രസ് എഴുതി സെന്റ് മേരീസ് ഹോസ്റ്റൽ കുറവിലങ്ങാട്, കോട്ടയം. പിന്നെ എന്തൊക്കെയോ എഴുതി. ചേട്ടൻ ഫോം ചെക്ക് ചെയ്തു തുടങ്ങിയപ്പോൾ മുതൽ എന്റെ ചങ്കിൽ തീയായിരുന്നു. അവസാനം ഞാൻ പ്രതീക്ഷിച്ചതു തന്നെ ചോദിച്ചു. കൊച്ച് ഹോസ്റ്റലിലാല്ലേ?

ങ്ഹാ......

വീട്?

വീട്.... വീട് തിരുവനന്തപുരത്താ.

തിരുവനന്തപുരത്തുന്നെന്തിനാ ഇവിടെ വരെ!!

അത്..... അത്..... ഈ കോളേജ് നല്ലതാണ് ഒത്തിരി കേട്ടിട്ടുണ്ട്.

മോള് ഈ ഫോം കംപ്ലീറ്റ് ചെയ്തിട്ടില്ലല്ലോ! ഫോം കംപ്ലീറ്റ് ചെയ്യണം. പിന്നെ അഡ്രസ്സ് ഹോസ്റ്റൽ അഡ്രസ്സല്ല. പെർമനന്റ് അഡ്രസ് ആണ് വക്കേണ്ടത്. പിന്നെ Parent Signature നിർബന്ധമായും വേണം കേട്ടോ. ധൃതി വയ്ക്കേണ്ട തെറ്റിക്കാതെ പൂരിപ്പിക്കണം. ഇനിയുള്ള സർട്ടിഫിക്കറ്റ്സൊക്കെ ഫിൽ ചെയ്യുന്നതും മറ്റുമൊക്കെ ഈ ഫോമിനെ ബേസ് ചെയ്തായിരിക്കും. യൂണിവേഴ്സിറ്റിയിലേയ്ക്ക് അയക്കേണ്ടതാ. കൊച്ച് ഒന്നുകൂടി

നോക്കി. വെട്ടലും തിരുത്തലുമൊന്നും വരരുത്.

..............................

..............................

കൊച്ച് എന്താ ആലോചിക്കുന്നേ?

..............................

ശരി ചേട്ടാ. ഞാൻ ഫോം Complete ചെയ്തേച്ചും വരാം.

ഒത്തിരി തെറ്റുകളും തിരുത്തലുകളുമൊക്കെ ചേട്ടൻ എനിക്ക് വേറൊരു ഫോം തന്നു. അതിലെ ചോദ്യങ്ങളും നോക്കി എത്രനേരം ഞാൻ കോളേജിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ അങ്ങനെ തന്നെ ഇരുന്നു എന്ന് എനിക്ക് ഇപ്പോഴും അറിയില്ല. വീണ്ടും ഞാൻ ഫോം ഫിൽ ചെയ്യാൻ തയ്യാറായി. ആദ്യത്തെ ചോദ്യത്തിലേയ്ക്ക് നോക്കി.

1. Name (In Block Letters)

ഈ പേരിലൊക്കെ എന്തിരിക്കുന്നു? ഈ ഒരു പേരു മാത്രമാണോ ഞാൻ എന്ന വ്യക്തി? എന്താ ഈ 'ഞാൻ'? എന്താ ഈ 'വ്യക്തി'? ഓരോ വാക്കും എന്തൊക്കെ അർത്ഥങ്ങളാണ് പ്രതിനിധാനം ചെയ്യുന്നത്?! ഒരു പേരിനുള്ളിൽ എന്നെ ഒതുക്കി നിർത്താൻ ഞാൻ ഒട്ടും തന്നെ ആഗ്രഹിച്ചിരുന്നില്ല. പക്ഷെ ഈ ചോദ്യത്തെ പിൻതള്ളാൻ എനിക്കിപ്പോ പറ്റില്ലല്ലോ?! അതുകൊണ്ടുതന്നെ എഴുതി-

| A | N | N | A | | E | L | I | Z | A | B | E | T | H |

അവിടെയും തീർന്നില്ല പ്രശ്നം. Full Name എഴുതണം പോലും. എന്റെ വ്യക്തിത്വത്തെപ്പോലും ചോദ്യം ചെയ്യുകയാണോ ഇവിടെ?

| A | N | N | A | | E | L | I | Z | A | B | E | T | H | | J | O | S | E | P | H |

പേര്, മാമോദീസാ പേര്, അപ്പന്റെ പേര് എല്ലാം ചേർത്ത് എഴുതിയപ്പോൾ 1st coloum OK. എന്റെ കർത്താവേ!! ഇനി രണ്ടാമത്തെ ചോദ്യം.

2. Age:......

ഞാൻ എത്ര വർഷം ജീവിച്ചു? എന്റെ പ്രായം ശരിക്കും ഞാൻ ജീവിക്കുകയായിരുന്നോ? ഉറക്കത്തിന്റെ മാത്രം കണക്കെടുത്താൽ തന്നെ....! എന്റെ പ്രായത്തേക്കാൾ വലുതായിരുന്നു. എന്റെ അനുഭവങ്ങൾ, പാളിച്ചകൾ, പിന്നെ.... ശരിക്കും ഈ 'Age' എന്നതുകൊണ്ട് അവർ എന്തായിരിക്കും ഉദ്ദേശിക്കുന്നത്? എന്തിനായിരിക്കാം അവർക്ക് എന്റെ പ്രായം അറിഞ്ഞിട്ട്. മെയ് 17, 1995-ൽ ഞാൻ ജനിച്ചെങ്കിൽ ഇന്ന്... അതായത് ഈ കഴിഞ്ഞ മെയ് 17, 2014-ൽ എനിക്ക് 18 വയസ്സല്ലേ! ബർത്ത്ഡേ ഒന്നും ഞാൻ ആഘോഷിച്ചിട്ടില്ല. മെയ് 17, 1995-ന് തന്നെയാണോ ഞാൻ ജനിച്ചതെന്ന് എനിക്ക് യാതൊരു ഉറപ്പുമില്ല. ആരൊക്കെയോ പറഞ്ഞു. വേറെ മാർഗ്ഗമൊന്നുമില്ലാത്തതുകൊണ്ട് അംഗീകരിച്ചു. Full of Complications. വയസ്സ് ... തുടങ്ങിയപ്പോൾ പിന്നെയും സംശയം ... 1995-ന് ഞാൻ ജനിച്ചു എങ്കിൽ മെയ് ... എനിക്ക് ഒരു വയസ്സ് തുടങ്ങുകയാണോ ... ഒരു വയസ്സ് തീർന്നോ? പൂർത്തീകരണം? ... എന്തൊക്കെയോ ഓർത്ത് വട്ടുപിടിച്ചു ... കണക്കുകൂട്ടലുകൾക്ക് ശേഷവും ഉത്തരം ... വന്നപ്പോൾ കണ്ണടച്ച് ഒന്നു പ്രാർത്ഥിച്ചു ... എനിക്ക് ഉത്തരം തന്നു!! അങ്ങനെ രണ്ടാം കോളവും OK.

AGE: 18 'YEARS'

18 'YEARS' എന്നു പറയുമ്പോ ... ദിവസം. പക്ഷെ ഇന്നുവരെയുള്ള ദി... കൂട്ടുമ്പോ, അതായത് ജൂലൈ വരെ ഞാൻ ... ദിവസത്തിൽ കൂടുതൽ ജീവിച്ചില്ലേ? അ... 6631 ദിവസം. അപ്പോൾ ഇവിടെ 'YEARS' -ന് ... പ്രസക്തിയാണുള്ളത്? പക്ഷെ 6631 ദിവസം ... പറയുമ്പോൾ 9548640 മിനിറ്റ്സ്. അ... മിനിറ്റൊക്കെ ജീവിച്ചോ? അപ്പോ.... എ... രണ്ടാമത്തെ ഉത്തരം തെറ്റിയോ? ഏയ് ഇല്ല, ... പറഞ്ഞുതന്നതല്ലേ!!!

3. DATE OF BIRTH: ..........

അധികം ആലോചിക്കാതെ എഴു... പറ്റിയ ചോദ്യം ഇതായിരുന്നു. ദൈവം നിശ്ച... ദിവസം ഡോക്ടർമാരിലൂടെ നിർവ്വഹിച്ചപ്പോൾ ... ദിവസം മെയ് 17, 1995 എന്റെ ബർത്ത്ഡേ ... ആരുടെയൊക്കെയോ പ്രാർത്ഥനയുടെ സഫ... എന്റെ ജനനം ആർക്ക് എന്ത് നേട്ടമാ... ഉണ്ടാക്കിയത്? എന്തിന് വേണ്ടിയാണ് ചി... ങ്കിലും എന്റെ ജനനത്തിൽ സന്തോഷിച്ചത്? ... സന്തോഷിച്ചവരിൽ പലരും ഇന്നില്ല. ഇനി ... ബർത്ത് മുതലുള്ള കാര്യങ്ങൾ ചിന്തിച്ചിരു... ബാക്കി എഴുതാൻ ആരും വരില്ലല്ലോ? പക്ഷെ... പറഞ്ഞുകേട്ട മെയ് 17, 1995-നു മുമ്പു തന്നെ ... ആരുടെയൊക്കെയോ നിനവുകളിലും ആഗ്ര... ളിലും പ്രതീക്ഷകളിലുമൊക്കെ ജനിച്ചി... എന്നാലും In this earth.... its right so.......

Date of Birth : 17.05.1995

മരിക്കുമ്പോ കല്ലറ കെട്ടുവാണെ... അതിൽ അവർ എഴുതുമായിരിക്കും.

ജനനം : 17/05/1995

മരണം : ...../...../...... (ദൈ... നിശ്ചയിക്കട്ടെ. ഞാൻ നിശ്ചയിച്ചാലും ... തരത്തിൽ അതും ദൈവനിശ്ചയമല്ലേ!!!)

4. Sex : Male/Female


Sex?? Male Sex Chrosomes - XY

Female Sex Chrosomes - XX

Fertilisation → Zygote → Embryo → F...

'ഞാൻ'






ലക്ഷക്കണക്കിന് Sperm ഉണ്ടായിട്ടും ആ ഒരു Sperm- ന് തന്നെ ആ എഗ്ഗിലേക്കു കയറി fuse ചെയ്യണമായിരുന്നു. അതും പോട്ടെ ഒരു XX Character -നു പകരം XY ആയിരുന്നെങ്കിൽ ഞാൻ വേറെ ഏതോ ഒരു ഞാൻ ആയി മാറിയേനേ! +1,+2 ബയോളജി പഠിച്ചതുകൊണ്ട് ഇത്രയും നന്നായി അറിയാവുന്നത്. ഒന്നും പഠിച്ചിട്ടില്ലായിരുന്നെങ്കിലും ഇതിനുള്ള ഉത്തരം എനിക്കറിയാം. പഠിച്ചാലും പഠിച്ചില്ലെങ്കിലും ഇതൊക്കെത്തന്നെ നടക്കും. പിന്നെ എന്തിനാ പഠിച്ചേ...?!!! Sex of the child determined by its father. അതെങ്ങനാന്നോ? X-നെ കൊടുക്കണോ Y-നെ കൊടുക്കണോന്നൊക്കെ അയാളാണോ നിശ്ചയിച്ചത്? സാധാരണ ഗതിയിൽ ശുദ്ധ മണ്ടത്തരം.

ഇവിടുന്ന് തുടങ്ങിയ Male, Female അവസാനമില്ലാത്ത മത്സരത്തിലാണ്. സുപ്പീരിയർ, ഇൻഫീരിയർ, ഫെമിനിസം പിന്നെ മനുവിനെപ്പോലെ ചില വട്ടന്മാരുടെ രചനകൾ. അങ്ങനെ അങ്ങനെ എന്തൊക്കെയോ? ദേവിക ചേച്ചി പറഞ്ഞപോലെ പെണ്ണിപ്പോൾ ഭൂമിയുടെ അഗാധഗർത്തങ്ങളിലും പുരുഷനിപ്പോൾ അങ്ങ് ആകാശത്തിനും മേലെ നക്ഷത്രങ്ങൾക്കൊപ്പവും. അതിലൊക്കെ എത്രമാത്രം ശരിയുണ്ട് എന്നെനിക്കറിയില്ല. I consider Male= Female but still I am a female!!

Sex: Female

ഞാൻ അഡ്മിഷൻ ഫോം ഫിൽ ചെയ്യാൻ തുടങ്ങിയപ്പോൾ കോളേജിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ നല്ല തിരക്കായിരുന്നു. പലരുടെയും രക്ഷകർത്താക്കളായിരുന്നു അവർക്കു വേണ്ടി ഫോം ഫിൽ ചെയ്തു കൊടുത്തതും.

ഞാൻ നാലു കോളം ഫിൽ ചെയ്ത് കഴിഞ്ഞപ്പോഴേക്കും നേരത്തെ കണ്ടവരിൽ ഒരാൾ പോലും അവിടെയെങ്ങുമില്ല. ഓഫീസിലെ ടേബിളിന്റെ ഒരു വശത്ത് അടുക്കി വച്ചിരിക്കുന്ന ഫിൽഡ് അഡ്മിഷൻ ഫോമുകളും ഞാൻ കണ്ടു.

ഓരോ അഡ്മിഷൻ ഫോമുകൾക്കും പിന്നിൽ എത്ര കഥകളായിരിക്കാം.... എത്ര ചിന്തകളായിരിക്കാം!!! മനുഷ്യർ വ്യത്യസ്തരാണ്!!!

നേരം ഉച്ചയായി. മടുത്തു. ഇനി ഭക്ഷണം കഴിച്ചിട്ട് ബാക്കി ഫിൽ ചെയ്യാം. അല്ലെങ്കിൽ വേണ്ട. ഉച്ചയ്ക്ക് തന്നെ ഭക്ഷണം കഴിക്കണം എന്നാരാ പറഞ്ഞത്. ഉച്ചക്ക് ഭക്ഷണം കഴിച്ചില്ലെങ്കിൽ ചത്തൊന്നും പോകുവേലാ. ഭക്ഷണം പോലും ഭക്ഷണം. കഷ്ടം- ഈ മനുഷ്യരുടെയൊക്കെ ഒരു കാര്യം! കാശ്, വസ്ത്രം, ഭക്ഷണം, പഠനം... ഇതൊക്കെ എന്നുണ്ടായതാന്നോ...? അയ്യോ... എന്റെ അബോമത്തെ ചോദ്യം.

5. Address:

a. Address for communication :

b. Permanent Address :

ഇത്രയും ചോദ്യങ്ങളിൽ ആദ്യമായാണ് ഞാനൊരു ജനുവിനായിട്ടുള്ള ചോദ്യം കണ്ടത്. അഡ്രസ്സ് പക്ഷെ.... ഈ ഒരു ചോദ്യമാണ് എന്നെ ഏറ്റവുമധികം കുഴപ്പിച്ചത്. Temporary Address എഴുതാൻ വലിയ പാടൊന്നും തോന്നിയില്ല. St. Mary's Hostel, Kuravilangad, Kottayam.

ഇനി പെർമനന്റ്. നേരത്തേ തന്ന ഫോമിൽ അതും സെന്റ് മേരീസ് ഹോസ്റ്റൽ എന്ന് എഴുതിയതുകൊണ്ടാണ് എനിക്ക് ഫോം പോലും മാറ്റി തന്നത്. അപ്പൊ പിന്നെ പൊട്ടത്തരം എഴുതാനും പറ്റില്ല. ഈ ചോദ്യത്തിന് ഉത്തരം എന്റെ ജീവിതത്തിന്റെ പ്രതിസന്ധിയാണ്.

തിരുവനന്തപുരത്തിലെ ഏറ്റവും സമ്പന്നമായ കുടുംബങ്ങളിൽ ഒന്നിലാണ് ഞാൻ ജനിച്ചത്. ജോസഫിനും സാറായ്ക്കും ജനിച്ച




ആദ്യത്തെ മകൾ അന്ന എലിസബത്ത് ജോസഫ്. കോടിക്കണക്കിന് സ്വത്തിന്റെ ഏക അവകാശി (തൽക്കാലത്തേയ്ക്ക്). അപ്പനും അമ്മയും എന്നെ താഴത്തും തറയിലും വയ്ക്കാതെയാ വളർത്തി യേന്ന് ഒത്തിരി പറഞ്ഞുകേട്ടിട്ടുണ്ട്. സ്കൂൾ പ്രൊഫിഷ്യൻസി, ക്ലാസ്സ് പെർഫക്ട്,സ്കൂൾ ലീഡർ അങ്ങനെ എന്തൊക്കെയോ ആയിരുന്നു ഞാൻ.

ഇപ്പോൾ അഡ്രസ്സ് ആണല്ലോ പ്രധാനം. അതുകൊണ്ട് കഥ ഒന്ന് ചുരുക്കി പറയാം.

ഒത്തിരി സന്തോഷവതിയായിരുന്നു ഞാൻ. ശരിക്കും ഒരു ലക്ഷ്വറിയസ് ലൈഫ് ആയിരുന്നു എന്റേത്. പക്ഷേ..... ജീവിതത്തിൽ അനുഭവിക്കേണ്ട എല്ലാ സന്തോഷങ്ങളും അനുഭവിച്ചു കഴിഞ്ഞു എന്ന് ദൈവത്തിനും തോന്നിയതുകൊണ്ടാകാം 12 വയസ്സു മുതലുള്ള എന്റെ ജീവിതം ദുഃഖം മാത്രം നിറഞ്ഞതായിരുന്നു. എന്റെ അമ്മ സാറാമ്മയെ ദൈവം അങ്ങ് വിളിച്ചു. അത് കാത്തിരിക്കുകയായിരുന്നു എന്നോണം പപ്പ വേറെ കല്യാണവും കഴിച്ചു. പിന്നെ എന്തൊക്കെയായിരുന്നു എന്ന് നിങ്ങൾ തന്നെ ചിന്തിച്ചോളൂ..... ഞാൻ എന്ന ബാധ്യതയെ എങ്ങനെയെങ്കിലും ഒഴിവാക്കണം എന്നേ പപ്പയ്ക്കും രണ്ടാനമ്മയ്ക്കും മക്കൾക്കുമുണ്ടായിരുന്നുള്ളൂ. അതു മനസ്സിലാക്കിയ ഞാൻ വീട്ടിൽ നിന്നും ഇറങ്ങി. അങ്ങനെ പെർമനന്റ് അഡ്രസ്സ്..... നേരെ പോയത് വല്യമ്മച്ചിയുടെ വീട്ടിലേയ്ക്ക്. അവിടെ നിന്ന് അമ്മാവന്മാരുടെ വീട്ടിലേയ്ക്ക്. ബന്ധുക്കളുടെ വീട്ടിലേക്ക്. അങ്ങനെ ഓരോ മാസങ്ങളിലും ഓരോ ഓരോ വീടുകളിൽ. No Permanent Address..... പക്ഷേ എന്റെ മനസ്സിൽ എന്റെ വീട് തന്നെയല്ലേ എനിക്ക് പെർമനന്റ് ഇനി അങ്ങോട്ടേയ്ക്ക് തിരിച്ചു പോകില്ലെങ്കിലും...... അതുകൊണ്ട് പെർമനന്റ് അഡ്രസ്സ്-ഉം ഫിൽ ചെയ്തു.

സാഫല്യം

പട്ടം പി.ഒ,

തിരുവനന്തപുരം-695541

ഹി...ഹി...ഹി.... Its very difficult to when our mind is burned in pain.

6. Name of father and occupation :

എന്റെ അപ്പന്റെ പേരും ജോലി എനിക്കറിയാം. എന്നാൽ അത് വായിച്ചാൽ എങ്ങനെ എന്റെ പപ്പയെ മനസ്സിലാക്കാനാ കോളേജിൽ എന്നെയല്ലേ ചേർക്കുന്നത്. പപ്പയുടെ പേരും ജോലിയുമൊക്കെ നേരത്തെ പറഞ്ഞതോർക്കുന്നില്ലേ... പേരിലൊക്കെ എന്തിരിക്കുന്നു? അതിലെ യാണിരിക്കുന്നു? അപ്പനില്ലാതെ ഞാൻ മായിരുന്നോ?!!! എന്തായാലും ചോദിച്ച എഴുതിയേക്കാം...

Joseph George, Business

7. Name of Mother & Occupation

ഈശോ..... അമ്മ

അമ്മേനെക്കൊണ്ട് ഇനി എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല. ഈ അഡ്മിഷൻ കോളത്തിൽ ചില ആൽഫബെറ്റ്സ് അവശേഷിക്കാനല്ലാതെ. എന്തായാലും ഫിൽ ചെയ്തേ പറ്റൂ. ആരോടാ എന്റെ പറയേണ്ടത്....?

(Occupation)

Sara Joseph Nil

8. Annual Income :

ഈ കാശൊക്കെ എന്താണ് മനുഷ്യനിങ്ങനെ അഹങ്കരിക്കുന്നത്. കാര്യത്തിൽ തോമസ് മൂറിന്റെ യുട്ടോപ്പിയ

...ണ്ണയാ ശരി. പൂജ്യാ കുറേ പേപ്പർ
...ങ്ങൾ അതിനുവേണ്ടി കൊല്ലും കൊലയും
...ന് വിദ്യാഭ്യാസം പോലും കച്ചവടമാക്കാൻ
...ന്ന് കഴിഞ്ഞിരിക്കുന്നു. ഞാൻ സമ്പാദിക്കാൻ
...ങ്ങിയിട്ടില്ല. ഓ അപ്പന്റെ ആനുവൽ
...ആയിരിക്കും ഉദ്ദേശിക്കുന്നത്. അതിൽ
...ഒരു രൂപാ പോലും എനിക്ക് കിട്ടു
...ങ്കിലും എഴുതേണ്ടത് അതല്ലേ. അല്ലെങ്കിൽ
...അവർ കഷ്ടപ്പെട്ട് സമ്പാദിച്ചതൊക്കെ
...ശപ്പെടാൻ നമുക്ക് എന്ത് അർഹത
...ണുള്ളത്. പൂജ്യാ കുറെ വട്ട്. മനുഷ്യർ മൊത്ത
...യിട്ടങ്ങ് ഇല്ലാതായാലും ഭൂമി ഇവിടെത്തന്നെ
...ണ്ണും. സ്വത്തു പോലും സ്വത്ത്. എത്രപേരാ
...ഷ്ടപ്പെട്ട് അധ്വാനിച്ച് സ്വത്തുണ്ടാക്കുന്നത്. എടാ
...നിക്ക് 2 ഏക്കർ ഭൂമി വിൽക്കാനുണ്ട്. വാങ്ങാ
...ണ്ട്. അയ്യേ..... നാണംകെട്ട ഓരോ ഏർപ്പാട്.
...പ്പന്റെ ആനുവൽ ഇൻകം അറിയില്ല. ഒരുദ്ദേശം
...ഴുതിയാൽ 15 Lakhs.

ഒൻപതാമത്തെ ചോദ്യം എഴുതാൻ
...ടങ്ങിയപ്പോ ഓഫീസിലെ ചേട്ടൻ എന്റെ
...ടുത്ത് വന്നു പറഞ്ഞു. മോളേ വേഗം എഴു
...ിക്കെ.. ഓഫീസ് അടയ്ക്കാറായി. ഇപ്പം തരാം
...ട്ടാ... അയ്യോ 3 മണിയായി. ഇനി ഒന്നും
...ലോചിക്കേണ്ട. വേഗന്നെഴുതിക്കൊടുത്തിട്ട്
...പോകാൻ നോക്കാം.

... Guardian



അപ്പന്റെ പേരു തന്നെ എഴുതിയേക്കാം. എന്നെ നോക്കാൻ മറ്റ് ആരെക്കാളും നന്നായി എനിക്കറിയാം. അതിന് ഒരു ഗാർഡിയനും വേണ്ട. ഇനി പെട്ടെന്നെങ്ങാനും ഞാൻ ചത്തു പോയാൽ... ശരിയാ, ഗാർഡിയൻ വേണം. പക്ഷേ അതിന് Permanent Address, Temporary Address, father, Mother എല്ലാം ചോദിച്ചില്ലായിരുന്നോ?! ഓ....ഹ്

JOSEPH GEORGE

10. Nationality :

Indian സ്കൂളിൽ Pledge എന്നും പറയുന്നതായതുകൊണ്ട്...! India is my country, all Indians are my brothers and sisters... How all Indians can be our brothers and sisters? In one aspect അതും ശരിയായിരിക്കാം. ബാക്കിയൊക്കെ പറച്ചിലിൽ മാത്രമേ ഉള്ളൂ

11. Religion

☐ General ☐ SC/ST
☐ OBC ☐ OEC

General. ബാക്കി എന്തൊക്കെയാണ് എനിക്കറിയില്ല. ഞാൻ ഏതായാലും ജനറൽ. എന്റെ അഭിപ്രായത്തിൽ ബാക്കി ഓപ്ഷൻസിന്റെ ആവശ്യം പോലുമില്ല. അതിന് ഒത്തിരി കാരണങ്ങളുണ്ട്. അതൊക്കെ ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം എന്ന് വിശ്വസിച്ചോട്ടെ. സമയം ഉണ്ടായിരുന്നെങ്കിൽ വിശദീകരിച്ചു തരാമായിരുന്നു.

12. Eligible for fee concession : ☐ Yes ☐ No

Eligible ?!! ഇതിനൊക്കെ എന്തിനാടോ എലിജിബിലിറ്റി. ഞാൻ ജനിച്ചത്...... എന്റെ സാഹചര്യം.... എന്നാൽ മറ്റ് ചിലർ!??

13. Marks in Percentage : 84%

ഇതായിരുന്നു സർട്ടിഫിക്കറ്റിൽ. പക്ഷേ എങ്ങനെയെന്നു ചോദിച്ചാൽ എനിക്കറിയില്ല. എങ്കിലും ഒന്നറിയാം, ഞാൻ ഇന്നിവിടെ വിലയിരുത്തപ്പെടുന്നത് ഈ 84%-ന്റെ അടിസ്ഥാനത്തിലാണ്.

14. Name of the Programme Chosen

BA English Literature

ബാക്കിയൊക്കെ പഠിച്ചു മടുത്തു. പഠിച്ചതിൽ പലതും മറന്നു. ഓർക്കുന്നതുകൊണ്ടിനി ഒരാവശ്യവുമില്ല. എന്നാലുമിനി കുറച്ച് സാഹിത്യം പഠിച്ചേക്കാം എന്ന് ഓർത്തു. പഠനം അതൊരു.... എന്തിനാ പഠിക്കുന്നെ? ജോലി കിട്ടാൻ ? എന്തിനാ ജോലി? ശമ്പളം? തിന്നാൻ? എന്തിന് തിന്നുന്നേ?... അങ്ങനെയങ്ങനെ അവസാനം ചാവാൻ?...

സയൻസ് മാത്രമല്ല സാഹിത്യവും ജീവിതത്തിൽ പ്രാവർത്തികമാക്കാം. അത് പഠിച്ചാലും പഠിച്ചില്ലെങ്കിലും. അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും.... ജീവിതം അങ്ങനെ പോവുകല്ലേ?

15. Any Achievements

ജീവിതത്തിൽ ഒരുപാട് Achievements നേടിയിട്ടുണ്ട്. പക്ഷെ അത് കാണിച്ച് അറ്റാച്ച് ചെയ്യാൻ പറ്റിയ സർട്ടിഫിക്കറ്റ്സ് ഒന്നും തന്നെ എന്റെ കയ്യിലില്ല. സർട്ടിഫിക്കറ്റ്സ് കിട്ടേണ്ട അച്ചീവ്മെന്റ്സ് ആണോ ഞാൻ നേടിയതെന്നു ചോദിച്ചാൽ...

എന്തായാലും ഉത്തരം : No

I hereby declare that the information furnished above is correct to the best of my knowledge and belief.

Name and signature of Student :

Name and signature of Parent :

ഈശ്വരാ ഞാൻ എഴുതിയതൊക്കെ
ശരിയാണ് എനിക്ക് താരതൊരു ഉ...
എന്നാലും സിഗ്നേച്ചർ....!! 3.30 ആവാൻ ...
മിനിറ്റ് കൂടിയേ ഉള്ളൂ. ഞാൻ എന്ത...
പേരന്റിന്റെ ഒപ്പ്..... എന്തായാലും അ...
ഫോം കംപ്ലീറ്റ് ചെയ്യണം എന്നല്ലേ ...
കംപ്ലീറ്റ് ചെയ്തേക്കാം. കള്ള ഒപ്പ് ഇ...
പാട്. ആര് അറിയാനാ..?

ANNA ELIZABETH JOSEPH

JOSEPH GEORGE

അഡ്മിഷൻ ഫോം കംപ്ലീറ്റ് ...
ഫോട്ടോ ഒട്ടിക്കണം. എല്ലാവരെയും ഫോ...
മൂക്ക്, വായ്, ചെവി എല്ലാമുണ്ട് കേട്ടോ ...
കാണട്ടെ. ഫോട്ടോയിലൂടെ എന്നെ അ...
പറ്റുമെങ്കിൽ അറിയട്ടെ. ഞാൻ എന്ന വ്യക്തി ...
ഒരു അഡ്മിഷൻ ഫോം ആയി മാറിപ്പോ...
എന്നൊരു സംശയം എന്നെ വല്ലാതെ അലട്ടു...
എന്നാലും അഡ്മിഷൻ ഫോം ക...
ചെയ്തപ്പോൾ ഒരു സന്തോഷം. ഫോം ...
കയ്യിൽ ഏല്പിച്ചപ്പോൾ എന്തോ ഒരു സമാ...
ചേട്ടൻ ചോദിച്ചു

എല്ലാം കറക്ട് ആണല്ലോ അല്ലേ?

ആ ചോദ്യം എന്നെ വീണ്ടും ആ ...
അവസ്ഥയിൽ തന്നെ എത്തിച്ചു. അഡ്മിഷൻ ...
ഓഫീസിൽ ഏൽപ്പിച്ച് ഞാൻ കോളേജിൽ ...
മടങ്ങി. ഞാൻ ഞാൻ തന്നെയാണോ? അല്ല...
ആരാണ് ഞാൻ?!.....

വഴിയിൽ കണ്ട കൈ നോട്ടക്കാ...
പറഞ്ഞു. മോൾക്ക് ഇനി വച്ചടി വച്ചടി കയറ്റ...






Students Council 2014-2015



Rank Holders Meet in the Jubilee Year



Proficiency Prize Distribution



Blessing - New Block




NAAC National Seminar



# Onam Celebrations



Alumni Meet



X'mas Celebrations

# Golden Ju
# Celebratio













# I HAD BEEN EATEN AWAY

**Anaswara Divakaran**

He raped my eyes,
Robbed away my heart,
And then claimed that he owned it
He asked me to veil myself,
And wear a mangalsuthra.
He then made me conceive
and bore his children.
They all stole my soul away
and forced me to be a wage less servant
Now that there is nothing left to steal
I'm the sugarcane waste
I had been eaten away
Now it's time they throw me away.









## Golden Jubilee Celebrations...















ഷർമിള....
മണിപ്പൂരിൽ നിന്റെ ചിറകടികൾ
നന്നേ നിശ്ചലമാകുന്ന ദിവസം
എന്തൊരു ഭയാനകമായിരിക്കും?....
അരുത്....
ആരും നിശബ്ദരാകരുത്...!!
ആ ചിറകുകൾക്ക്
കരുത്തു നൽകാൻ
സാധിക്കുമെങ്കിൽ...
വരൂ...
തളരാതെ....

# ഇറോം ശർമ്മിളയ്ക്ക്.....

[illegible]

[illegible]

[illegible]

[illegible]

# വിഷാദയാമം

അനിതമോൾ വി.പി

ആദ്യം കണ്ടമാത്രയിൽവെറുപ്പ്.
പിന്നപ്പോഴോസൗഹൃദമായിമാറി.
പിന്നീട്ഇഷ്ടംവളർന്ന്വലുതായി
നിന്നോടൊപ്പമുള്ളദിവസങ്ങൾക്ക്,
നിമിഷങ്ങളുടെവേഗമായിരുന്നു
പിന്നെ ഒരു നിമിഷം കണ്ടില്ലെങ്കിൽ
നെഞ്ചിടിപ്പിന്റെവേഗംകൂടും.
ഉള്ളുകൊണ്ടറിഞ്ഞ് മനസ്കൊടുത്ത്ജീവന്റെജീവനായിമാറിയകലാലയം..
പെട്ടന്ന്ഒരുനാൾഅവനെ വിട്ട്അകലെയ്ക്ക് പോകേണ്ടിവരുമ്പോൾ
ഇനിയുംതിരിച്ചെടുക്കാൻ പറ്റാത്ത ഈ നിമിഷങ്ങൾ എന്നെ വേദനിപ്പിക്കുന്നു.
നോവും നൊമ്പരവും ഹൃദയത്തിൽഅലിയുന്നുകണ്ണുകൾ നിറയുന്നു..ഹൃദയം പിടയുന്നു.
ഈ കലാലയത്തിലേയ്ക്ക്കടന്നു വരുമ്പോൾ ഒരുപാട്വെറുപ്പായിരുന്നു മനസ്സിൽഎങ്കിലുംസിനിമാലോകത്ത് നിന്നും മനസിലേയ്ക്ക്അറിയാതെവീണുപോയ നിമിഷങ്ങൾ ആയിരുന്നു. പ്രണയത്തിന്റെ ഇടനാഴികൾ, സമരവീഥികൾ, ആഘോഷത്തിന്റെയുംസൗഹൃദത്തിന്റെയും ക്ലാസ്സ്മുറികൾ, പക്ഷേ അവയെല്ലാംവെറും പ്രതീക്ഷയായിമാറി. പിന്നെ പിന്നെ കലാലയത്തിന്റെആഘോഷത്തിലേയ്ക്ക് പതുകൊണ്ടു. പിന്നീട്ആഘോഷമായിരുന്നു, സൗഹൃദമായിഅറിവായിജീവിതമായിമാറികഴിഞ്ഞിരുന്നു. പക്ഷേ മൂന്ന്വർഷത്തെ പഠനത്തിന് ശേഷം പടിയിറങ്ങേണ്ടിവരുന്ന ഈ നിമിഷം ഞാൻ വളരെയേറെ സങ്കടപ്പെടുന്നു. ഈ കലാലായജീവിതംഒരുപാട്ഇഷ്ടപ്പെട്ടിരുന്നു... ആസ്വദിച്ചിരുന്നു... എന്ന് ഞാൻ തിരിച്ചറിയുന്നു.
മൂന്ന്വർഷത്തിന് ശേഷംഇവിടുന്ന് ഇറങ്ങുമ്പോൾ..എന്നെ ഇനിയുംതിരിച്ചറിയാത്ത നിങ്ങളോട്ഒന്നുമാത്രം പറയുന്നു..
ഓർക്കുകഎപ്പോഴെങ്കിലും....
എന്നെ അല്ല......
മറിച്ച് നമ്മുടെ കലാലയം ക്ലാസ്സ്മുറി..... സൗഹൃദവീഥികൾ.....



# FALLEN LEAF

Anjali. P

How beautiful was the last Diwali. All the streets were sparkling and my home, it was adorned with lamps as if to arrange a grand welcome to the goddess. OH....I still remember, my kids, running around me, happy and zealous. There he was, my husband, bursting crackers. His face, through smoke, still fresh in my mind. My eyes still have those unforgettable visions and my ears still jingle with the laughter of my kids. I never knew that it was all so transient. Today, the same Diwali day, there ain't a single laughter heard in thehouse, not even a glimpse of flame. Me and my kids are just the same, what changed is our circumstances. I am a widow now.

If I am to make a choice between life and death at this moment, I would choose the latter, not to prolong the custom of 'sati', but to save myself from petty sympathy and suspicion. Veiled in white, I'm compelled to veil my conscience and my heart. Society sort me out ,their eyes glowing with pity, screening an image of forth coming tornado. Some eyes stare at me, brooding on how I manage a home in spite of lack of income. Some other piercing eyes makes me feel like I am a lamb about to be torn off by those wolves. It seems that the so called God envied me and he snatched away all my jo pleasures. Now, there is a missing slot jig-saw puzzle called my life.

No matter however hard I try, I c elude the presence of my dead hus Wherever I go, in whichever direction I t will come across something that would re me of him. Till a fortnight from my hush demise, it was a daily routine in my life confronted by innumerous politicians sho up, consoling me and mourning over my building a foam of promises and bidding fa with the, 'You will vote for me, won't 'question. This sorrow drama halts onl evening, confining me in the kitchen.

At times, I think about my husband forgone life. But those memories are my chi to move on. I am a lone warrior who batt meet the both ends each day. The only p want to prove to all those questioning mi "I am NOT A FALLEN LEAF"! Extricating this situation is not a cakewalk, but I will

These are the words of a widow pleads for a space to dig up emptiness.



# നിരീശ്വരൻ

ദേവിക.എം. എ

കല്ലിനേയും ചിതൽപ്പുറ്റിനേയും
ദൈവമെന്നുവിളിപ്പിച്ച സമൂഹം
ബുദ്ധിയുറയ്ക്കും മുൻപേ
കൈ കൂപ്പാൻ വിധേയയാക്കി.
തെളിഞ്ഞ കൽവിളക്കിലൊക്കെ
വെളിച്ചമാണെന്നു പറഞ്ഞപ്പോൾ
വായ്പൊത്തി,
വെളിച്ചമൊക്കെയും ദൈവമാണെന്ന് കൽപ്പിച്ചു.
ദൈവത്തിന്റെ രൂപമെന്തെന്ന്
ചോദിച്ചപ്പോൾ
തൂണിലും തുരുമ്പിലുമുണ്ടെന്നും
അദൃശ്യമെന്നും പറഞ്ഞുതന്നു.
ഉത്തരം കിട്ടാത്ത ചോദ്യങ്ങളെയൊക്കെ
അദൃശ്യമാക്കുക പതിവാണല്ലോ.
എന്റെ വിയർപ്പാണ് ഞാൻ ഭക്ഷിച്ചതൊക്കെയും
അവയ്ക്കെല്ലാം,
ആരും കണ്ടെന്ന് അവകാശപ്പെടാനില്ലാത്ത
ദൈവത്തോട് നന്ദി പറയിച്ചു.
കാലം കാരണമില്ലാതെ കരയിച്ചപ്പോഴൊക്കെ
ദൈവത്തോട് കേഴുവാൻ പഠിപ്പിച്ചു.
ബുദ്ധിയുറച്ചപ്പോൾ പഠിച്ചു.
കണ്ണീർ എന്റെ ദൗർബല്യവും
പുഞ്ചിരി എന്റെ നാട്യവുമാണെന്ന്,
എന്റെ സത്യവും, എന്റെ മിഥ്യയും
ഞാൻ തന്നെയെന്ന്.



# തൊഴിലുറപ്പ്

നട്ടപ്പിരാന്തുണ്ടോ നട്ടുച്ചനേരത്ത്
വെട്ടിത്തിളയ്ക്കുന്ന ടാറിന്റെയോരത്ത്
ചപ്പുചവറുകൾ കൊത്തിയെടുത്തിട്ട്
ചന്തം വരുത്തുവാനെന്റെടീ ഓമനേ

കൂരയിൽ വേവുന്നു നാലുവയറുകൾ
ആലയിൽ വേവുന്നിരുമ്പു കണക്കവെ
ആരാനുമുണ്ടോ സഹായിക്കുവാനെന്നു
പാരാ തുഴഞ്ഞെന്റെ കണ്ണുകളെങ്കിലും
വേഗം തിരിച്ചറിഞ്ഞല്ലോ ഫിലോമിനേ
വേറാരുമില്ലെനിക്കെന്നുള്ള സത്യവും

പിന്നെപ്പിരാന്തെന്നു ചിന്തിച്ചിടാതെന്റെ
പിഞ്ഞിയ നൈറ്റിയൊരെണ്ണമെടുത്തിട്ടു
വന്നെത്തിയല്ലോ തൊഴിൽക്കൂട്ടമൊന്നിതിൽ
ഇല്ലായ്മ കൂട്ടിപ്പിടിപ്പിച്ച കൂട്ടിതിൽ

കെട്ടിയോൻ ചത്ത നബീസ തലേന്നത്തെ
ചെറ്റപൊക്കിന്റെ ചരിത്രം പറയുന്നു
നേഴ്സിങ്ങിനു പോയ പെണ്ണിനെടുത്ത ലോൺ
തീരാക്കടമെന്നു മറിയാമ്മ പ്രാകുന്നു

ദേഹം തളർന്നു കിടക്കുന്ന തള്ളടെ
നാവു തളർന്നെങ്കിൽ നന്നായിരുന്നെന്നു
തന്നോടുതന്നെ പറഞ്ഞുകൊണ്ടമ്മിണി
മണ്ണും ചുമന്നു നടന്നുനീങ്ങീടുന്നു

കള്ളിൽ പുളിപ്പിച്ച വേദവാക്യം കേട്ടു
കർണ്ണം പുകഞ്ഞെന്നു സാറാമ്മ തേങ്ങവേ
കള്ളില്ലയെങ്കിലും കാര്യം കണക്കെ-
ന്നുറക്കെച്ചിരിച്ചുകൊണ്ടാമിന ചൊല്ലുന്നു

രാഷ്ട്രീയമില്ലാ, മതമില്ല ജാതിയും
മേലാളരില്ലാ നീയില്ല ഞാനില്ല
വിശപ്പെന്നൊരേ മതം അന്നമതിൽ ദൈവം
ഹാ എത്ര സുന്ദരം! ഈ നവ്യപദ്ധതി

**മിനി സെബാസ്റ്റ്യൻ**
അസ്സി. പ്രൊഫസർ, മലയാളം വിഭാഗം




ആതിര കെ. വിജയൻ
രണ്ടാം വർഷ ബിരുദം

# Faceless Book

ഇന്ന് മലയാളികൾ തന്റെ ദിനചര്യകൾ രേഖപ്പെടുത്തുന്നത് ഡയറിക്കുറിപ്പുകളിലല്ല മറിച്ച് ഫേയ്സ്ബുക്കിലാണ്. ഗുഡ്മോണിംഗ് മുതൽ ഗുഡ്നൈറ്റ് വരെ തന്റെ ജീവിതത്തിൽ സംഭവിക്കുന്ന എന്തുമേതും ചൂടോടെ നേരെ ഫേയ്സ്ബുക്കിലേക്ക്. ചിത്രങ്ങളും വിവരങ്ങളും സഹിതം നിക്ഷേപിച്ച് സ്വന്തം ജീവിതം മറ്റുള്ളവരുടെ മുൻപിൽ പ്രദർശിപ്പിക്കുന്നത് ഒരു ശരാശരി മലയാളികളുടെ ശീലമായിരിക്കുന്നു, കഷ്ടിക്കുക, ദുശ്ശീലമായിരിക്കുന്നു. ഒരു സമയനിഷ്ഠയുമില്ലാതെ ഏതു നേരവും ഫേസ്ബുക്കിൽ കണ്ണും നട്ടിരിക്കുന്നവരാണ് ഇപ്പോഴത്തെ കൗമാരക്കാർ. എന്തിന് അദ്ധ്യാപകർ ക്ലാസ്സ് എടുക്കുന്ന സമയത്തും ഫേസ്ബുക്കിൽ വരുന്ന പുതിയ അപ്ഡേറ്റുകൾക്ക് കമന്റും ലൈക്കും നൽകുന്നു. ഇതുകൊണ്ടാണ് ഇതിനെ ദുശ്ശീലമെന്ന് പറഞ്ഞത്.

ഒരു ദിവസത്തിന്റെ പകുതിയിലേറെ ഫേസ്ബുക്കിൽ ചെലവഴിക്കുന്ന കുട്ടികൾ നിർബന്ധമായും വായിച്ചിരിക്കേണ്ട പഠനറിപ്പോർട്ടാണ് ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ് (നിംഹാൻസ്) അടുത്തിടെ നടത്തിയ പഠനമനുസരിച്ച് കൊച്ചിയുൾപ്പെടെയുള്ള നഗരങ്ങളിലെ 73% കൗമാരക്കാരും അമിതമായി ഫേസ്ബുക്ക് ഉപയോഗിക്കുന്നവരാണ്. ഇത് ഫേയ്സ്ബുക്ക് അഡിക്ഷൻ എന്ന ഒരു മനോരോഗമായി മാറിയിട്ടുണ്ടെന്ന് പഠന റിപ്പോർട്ട് പറയുന്നു. ഭാരതത്തിന്റെ ഭാവി നിർണ്ണയിക്കേണ്ട യുവതലമുറ മനോരോഗത്തിന് അടിമകളാണ് എന്ന് പറയുന്നത് ഭൂഷണമാണോ? (മലയാള മനോരമ)

ഇന്ന് കൂടുതലായും ഫേസ്ബുക്ക് ഉപയോഗിക്കുന്നത് മറ്റുള്ളവരെ അപകീർത്തിപ്പെടുത്താനും അധിക്ഷേപിക്കാനുമാണ്. ഏതൊരു കാര്യത്തെയും ഒരൽപം പോലും ചിന്തകൾക്കിടം നൽകാതെ അതിന്റെ നെഗറ്റീവ് വശം മാത്രം കണ്ട് വിമർശിക്കുന്നവരാണ് കൂടുതലും. അതിന് ഉദാഹരണമാണ് റഷ്യൻ ടെന്നീസ് താരമായ മരിയ ഷറപ്പോവ ഇന്ത്യൻ ക്രിക്കറ്റ് താരമായ സച്ചിൻ ടെണ്ടുൽക്കറിനെ അറിയില്ല എന്ന് പറഞ്ഞ സംഭവം. സച്ചിൻ എന്ന നാമം ഓരോ ഭാരതീയന്റെയും രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതാണ് എന്ന് കരുതി എല്ലാവരെയും എല്ലാവരും അറിയണമെന്നുണ്ടോ? ഈ സംഭവത്തിന്റെ പേരിൽ ടെന്നീസ് താരത്തിന്റെ ഫെയ്സ്ബുക്കിൽ കയറി പുച്ഛം, പരിഹാസം, അസഭ്യവർഷം തുടങ്ങിയതെല്ലാം വാരി വിതറി. കൂടുതലും മംഗ്ലീഷിലും മലയാളത്തിലും ആയിരുന്നു കൊണ്ടു തന്നെ മലയാളികൾ ഫേയ്സ്ബുക്ക് ആക്രമണത്തിൽ മുൻപന്തിയാണെന്ന് തെളിയിച്ചു. അറിയാത്തൊരാളെ അറിയില്ല എന്ന് പറഞ്ഞതിന്റെ പേരിൽ ഒരാളെ തേജോവധം ചെയ്യേണ്ടതുണ്ടോ? ഒരാളെ അധിക്ഷേപിക്കുമ്പോൾ എന്തു സന്തോഷമാണ് മലയാളിക്ക് ലഭിക്കുന്നത്? ഫേസ്ബുക്കിലെ മറ്റു ചിലരുണ്ട്. സ്വന്തം മുഖവും പേരും മറച്ച് വച്ച് മറ്റൊരു മുഖവും പേരും സ്വീകരിച്ച് മറ്റുള്ളവരെ പരിഹസിക്കുന്നവർ.

എന്നാൽ മറ്റൊരു വശം ചിന്തിച്ചാൽ ഫേസ്ബുക്കിലൂടെയും മറ്റ് സോഷ്യൽ മീഡിയകളിലൂടെയും നല്ല കാര്യങ്ങൾ ഭവിക്കാൻ കാരണമായിട്ടുണ്ട്. നാല് ചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ട് പഠിക്കാനും പ്രതികരിക്കാനും അവകാശമില്ലാത്തവരുടെ പ്രതിനിധിയായി ആ ചട്ടക്കൂടിന്റെ വെളിയിൽ വന്ന് ഞങ്ങൾക്കും ലോകത്തോട് 'ചിലത് പറയുവാനുണ്ട്' എന്ന് സധൈര്യം വിളിച്ചു പറഞ്ഞ മലാലയുടെ ശബ്ദം പ്രതിധ്വനി കൊണ്ടത് ഫേസ്ബുക്കിലൂടെയും മറ്റ് സോഷ്യൽ മീഡിയകളിലൂടെയുമാണ്. മലാലയുടെ മുറിവുകളും നെടുവീർപ്പുകളും വേദനയും സങ്കടവും സന്തോഷവും ശബ്ദവുമെല്ലാം നമ്മുടേത് കൂടിയാണ് എന്ന് തിരിച്ചറിയാൻ സഹായിച്ചത് ഈ സോഷ്യൽ മീഡിയകളാണ്. ലോകസമാധാനത്തിനുള്ള നോബേൽ സമ്മാനത്തിന്റെ അരികിൽ വരെയെത്തിയ മലാലയെ ഇന്നും നാം ഓർത്തിരിക്കുന്നെങ്കിൽ ഇതിനായി ഫേസ്ബുക്ക് വഹിച്ച പങ്ക് ചെറുതല്ല. ഇന്ത്യയിൽ തന്നെ നോക്കിയാൽ മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച ഡൽഹി പീഡനസംഭവത്തിനെതിരെ പ്രതികരിക്കാനും, പ്രതിഷേധിക്കാനും, പീഡനത്തിനിരയായ പെൺകുട്ടിക്ക് സഹായവും ആശ്വാസവുമായി നിലകൊള്ളാനും ഫേസ്ബുക്ക് വഹിച്ച പങ്ക് വിസ്മരിക്കപ്പെടാവുന്നതല്ല. മനുഷ്യത്വരഹിതമായ ഈ പ്രവൃത്തിയിൽ പ്രതിഷേധിച്ച് ഫേസ്ബുക്ക് സുഹൃത്തുക്കൾ ഫേസ്ബുക്കിൽ കറുത്ത പൊട്ടണിഞ്ഞു. ഈ സുഹൃത്തുക്കളുടെ അഹോരാത്രമായ പ്രതിഷേധത്തിന്റെ ഫലമായി ഇന്ത്യയിൽ 'നിർഭയ' എന്ന ഒരു സ്ത്രീസുരക്ഷാ നിയമം തന്നെ നിലവിൽ വരാൻ കാരണമായി. ഈ നിശ്ചയദാർഢ്യം കൈവിടാതെ ഫേസ്ബുക്ക് നല്ല രീതിയിൽ ഉപയോഗിച്ചാൽ സമൂഹത്തിനും മനുഷ്യ മനസാക്ഷിക്കും നന്മ കൈവരുമെന്നതിൽ യാതൊരു തർക്കവുമില്ല.

# ALONE

**Flamy Benny**

Whenever I need help,
None is there at my side.
Whenever I need advice
None is there to advise me.
I feel I am alone in this world.

I pray to the heavenly father
And asked as many questions to my self.
Many vague answers come across my mind.
But are unable to answer my questions.
I feel I am alone in this world.

Nothing can alleviate my tensions
Except the divine power of almighty god.
I realize.....yes...I realize.
Its part of my life and part of me.
Yet I feel I am alone in this world.



# रतों के प्रति अत्याचार



हमारे समाज में ईमानदारोंलोग भले ही कम नज़र आ रहे है। फिर भी अत्याचार करनेवाले तो बहुत है और यह जाहिर है कि इनका शिकार हमेशा औरत ही बनता है। कहते तो औरत की दर्जा अब मर्द के बराबर है या वह फिर उससे भी ऊपर दे सुरक्षित नही है।

मनु स्मृति में ऐसा एक कहावत था पितृ रक्षती कौमारे, 'पति रक्षती यौवने, पुत्रो रक्षती वारधक्य' इसका मतलब यह है कि सतियों से ही औरतें किसी न किसी की सहायता से अपने आप को बचा रही है।

चाहे समाज कितना भी बदले कुछ लोग अभी भी वही के वही है ना वे बदला रहा है और नही बदलने का कोई इरादा भी नहीं है उन्हें। उन्हे बस औरतों को अपने उँगलियों में वे नचाते है।

हम हर दिन अखबार में पढ़ते है यहाँ रेप हुआ, ज़बरदस्ती करने की वजह से एक लड़की मर गयी हम आँसू तो बहा देते है लेकिन इसके खिलाफ कुछ करने की तो बिलकुल नही सोच रहे है।

पति की अत्याचार की वजह से लडकी ने आत्महत्या की। हम कहेंगे कि वह बेचारी अबला ऐसी थी उसे अपनी जिंदगी खोनी पड़ी।एसी बातें बिलकुल गलत है । ऐसा कहकर हम उन औरतों की ताकत बुझा रही है जिन्हें अपने आप पर होनेवाले अत्याचारों के खिलाफ आवाज़ उठाना है। हम किसी से कम नही है। भारत की औरतों की सबसे बड़ी कमज़ोरी यह है कि वे अपने पति को भगवान मानती है । उनके खिलाफ आवाज़ तो क्या उनसे नज़रे भी नही मिलेगी। गलती करे तो उसे रोकना ही होगा जो जैसा करता है वे वैसा भरता भी है। सबसे आश्चर्य की बात तो यह खुद दूसरे औरतें भी इन मर्दों के साथ होगा, चाहे वे अपनी माँ होया सासु माँ हो। अपनी बहु पर अत्याचार करनेवाली सासो को याद होनी चाहिए कि वे भी कभी बहु ही थी। अब जो उनके बहु के साथ हो रहा है। कल उनकी बेटी के साथ भी हो सकती है। दहेज माँगनेवालों को पत्थर से जवाब चाहिए आँसुओं से नही। उन्हे ऐसा समझना होगा कि स्त्री सबसे बड़ा धन होता है।

अक्सर लड़कियों को प्यार में फसाकर लूट लेता है। क्या हम इतने किये जानेवाले माँ- बाप को धोखा दे। पाला पोसकर बड़ा किये जानेवाले।

Archana Devi K. Raj
I DC Chemistry

# ഇനിയെന്നും ഓർമ്മയിൽ...

എന്നോ വിടർന്നയീ സൗഹൃദമലരിന്
കൊഴിയുവാനേറെ തിടുക്കമായോ
അകലുന്ന നാളിലും അകതാരിലെന്നുമീ
ആദ്യമായ് കണ്ടയാ നാളു മാത്രം.

വിട ചൊല്ലി അകലുമ്പോൾ മനതാരിലെന്നും
കാലംമറച്ചയാ ഓർമ്മകൾ മാത്രം..
ഒരുമിച്ചിരുന്നു നുകർന്നയീ വിദ്യയും
ഒരുമിച്ചു കോർത്ത ഓർമ്മകളും
ഒരുമിച്ചു നെയ്ത സ്വപ്നങ്ങളെന്നും
മയങ്ങുന്നു ഹൃത്തിൻ മടിയിലായി.

ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞയീ നാളുക
മറക്കില്ല മനസ്സിന്നൊരുനാളിലും
കൊഴിയുമാ ഓരോ ഇതളുകൾ പോലെ
അകലുകയാണീ നിമിഷങ്ങളെന്നും
മറക്കുവാനാകാത്ത ഓർമ്മകളേകി
മറയുന്നു എന്നിൽ നിന്നീ വസന്തം
മറയുന്നു നമ്മിൽ നിന്നീ വസന്തം.

**അഞ്ജു വിജയൻ**
രണ്ടാം വർഷ ഗണിതശാസ്ത്രം

Flamy Benny



# MY SEARCH FOR THE ANSWER

I don't know why!
But I really miss her.
I eagerly am waiting for her call.
But am disappointed.
And I always remember
The beautiful moments she brought to me.
I thought she flew away from me.
Like the fly from one tree to another.
She is happy with her new friends and surroundings.
Yes am also happy.
But not as much as that of the previous days.
When she was with me
Why she became close to me.
I asked to the wind the sky the moon
But no one is there to quench my thirst.
Why? it is my question
And I am still searching for that answer...
Which carries my life...?




**Indu M. Rajan**

I realize this moment
My mother..
Love, caring and sacrifice of my mother.
I never realized her motherhood
That was filled with tears.
She is always like a lighted candle,
Through the ways of my life.
Now ,it is truth,
She is just a handful of ash.
Now I wish..
To float like a wave
In the sea of her love.
I realize,
My mother's love
Never ends.

# ചോദ്യം

വിളറി വെളുത്ത വിപിനം...
രക്തം വീണ് ചുവന്ന മണ്ണ്...
ആർത്ത നാദത്തിന്റെയും
നിസ്സഹായതയുടെയും
മൗനശരങ്ങൾ ഉതിർത്ത
അന്തരീക്ഷം.....
ബുള്ളറ്റിന്റെ വേഗതയിൽ
നഷ്ടമായ സ്വപ്നങ്ങളുടെ
ഭാണ്ഡക്കെട്ടുമായി ജീവിതങ്ങൾ...
രണ്ട് വയസ്സുകാരന്റെ നിലവിളിയിൽ തുടങ്ങി;
വൃദ്ധന്റെ ഒടുവിലത്തെ
കാഴ്ചകൾ മറയ്ക്കുന്ന
ഉദയാസ്തമയങ്ങൾ...
സമാധാന ചർച്ചയുടെ
വെള്ളക്കൊടിയിൽ
പണത്തിന്റെ കറുപ്പുനിറം
പടർത്തുന്ന മുഖം മൂടികൾ...
ഒരു കഥയുടെയോ
കവിതയുടെയോ
ഉള്ളടക്കമല്ല
ചരിത്രം
കണ്ണീർ കൊണ്ട്
കുറിക്കാനും
വരയ്ക്കാനും
തുടങ്ങുന്ന
നാമത്തിന്റെ
ചിത്രങ്ങൾ
ഇത്,
'ഗാസയുടെ കുറിപ്പുകൾ'

ശ്രുതി മോഹൻ
മൂന്നാം വർഷ ജന്തുശാസ്ത്രം

നാം കാണുന്നില്ല
കാണാൻ ആഗ്രഹിക്കുന്നില്ല

# അസ്തമയം



അൽഫോൻസ് ജോസഫ്

അസ്തമയം കാണാൻ പോയ്
മണൽപ്പരപ്പിലൂടെ നടന്നു
പടിഞ്ഞാറ് ഒളിക്കുന്ന ചന്ദനക്കുടം
നല്ല പുലർക്കാലെ കിഴക്ക് കണ്ണുതുറക്കുന്നു
ഇന്നുഞാൻ കണ്ടൊരു അസ്തമയം
കൊച്ചിയുടെ രാജവീഥികലില്
ഇരുളിന് കട്ടിയേറുന്നു
കൂടണയാൻ പായുന്ന ജനത
വഴിയില് ചക്രങ്ങള് കൂടുന്നു
കേരികിടക്കാൻ കൂരയില്ലാതെ
നടുനിവർക്കാൻ പായയില്ലാതെ
മാറിയുടുക്കാൻ ചേലയില്ലാതെ
കുഴിഞ്ഞ കണ്ണുകളും നരച്ച മുടിയും
എന്തിക്കവിടെ കാണാമായിരുന്നു.



**Winners of Vocabulary Quiz**




**Medical Camp Inaguration**


# EXECUTION

**Jaison .P.Jacob**

Five backs in a line near the wire fence
That marks the sea off the land:
Five faces that face the sea.
I can see them from my window,
My window facing the sea,
The sea that knows all, contains all
And transforms all in its rolling mighty waves.

Five backs! With blank heads?
Or does some flash of memory
Disturb the darkness?
Perhaps, the flavor of a kiss,
The warm smell of naked breasts,
Love's frolics, and a ...

"Fire...!" The five backs sink
Into a confusion of twilight and blood.
Not a cry, not a groan...;
The sea entered their eyes.



# KISS IN HER EYES

**Manu Mohan**

I met Helen at daybreak, She called me handsome
And kissed me.
I met Sherin at noon,She called me stunning
And kissed me.
I met Lima at sundown ,She called me spunky
And kissed me
I met Nila at night,She just looked at me
And did not kiss me.

Next morning,
Helen was unremembered ,
Sherin was neglected
Lima blacked out,
But,the kiss in Nila's eyes,
Never ceased to exist.



# HE LAMENT UNHEARD

Seethu Elizabeth Michael

Between the bars of dingy cell
The little room devoid of light.
Where there none would wish a day,
Was a guy , The '107'th.

The ears searched long, a word of console
A mouth enquiring the fate, not fortune
An eye that opens to see the body
So weakened and crushed with beats and slaps.

The one that holds marks and scars
'gifted' by those boots and sticks
A stomach that stopped digestion,
A tongue that tasted no food for so long.

Why should we? The world asks ever,
Let him die soon and fast
For gallows are set now,
And the loop is to have the neck.

Tests are all up to date
Flesh and muscle fit, it says.
Guards are running helter skelter,
Preparing to send the culprit to a catacomb.

The last of nights to enjoy breath
He sat with head held in hands
Rolled down tears ,so fast
Lost all hope to have life back.

Oh.....wish I, if God send one
An angel to prove my innocence.

None will hear it if I speak
Would plaster mouth if I tempt
Journey starts in no time
May be chance to get out here

The world of cheats rid of truth
One who can't do sin can't live
Still it sits heavily on mind
Real culprit is out somewhere!
With mask of a gentleman
Doesn't he feel any guilty conscience?

There the doors are creeking open
The man to take him to death is near
Not a word did he utter
To answer the so called last wish
He followed him like those folks
Following herder all day long.

His nose could smell nearing death
His neck could feel the loop around it
Legs could find something to rest
But with seconds felt it gone.

It searched and searched to have a floor
Fluttered it for it could not.
RIP now his legs
Eyes and ears, hands and head
Gone is he to the world unknown.

No more it should happen here
The death of innocent –rarest of the rare!
Let all those criminals escape at once
But not an innocent should be hanged.

# ഒരു ഉറുമ്പിന്റെ അന്ത്യം

ഇന്നലെ, എന്നാൽ
ഒരു ഉറുമ്പ് കൊല്ലപ്പെട്ടു
സ്നേഹത്തിന്റെ ഭാഷയറിയാവുന്ന
അതിനു റീത്തു വയ്ക്കാൻ
ഒരു മന്ത്രിയും വന്നില്ല
പബ്ലിസിറ്റി കിട്ടുവേലാത്തതു
കൊണ്ടാവണം
ഒരു ചാനൽ കവറേജും ഉണ്ടായില്ല
തലക്കലിരുന്നു മാറ് തല്ലി
കരയുവാൻ
ഭാര്യയോ മക്കളോ ഉണ്ടായില്ല
അത് ചൂലിനടിയിൽ
കിടന്നു പിടയുമ്പോൾ
ആശുപത്രിയിൽ കൊണ്ടുപോകാൻ
ആരുമുണ്ടായിരുന്നില്ല
ചിതക്കു തീ കൊളുത്താൻ
ആരും...!
ഒരു പോസ്റ്റുമോർട്ടം റിപ്പോർട്ടിലും
പ്രതി ഞാനാണെന്ന് തെളിഞ്ഞില്ല
ഒന്നുറക്കെ കരയാൻ പോലുമാവാതെ
അത് എന്റെ ചൂലിനടിയിൽ
അസ്തമിച്ചു...
പൊതുശ്മശാനത്തിൽ ശവസംസ്കാര-
ശുശ്രൂഷ നടക്കുമ്പോഴേക്കും
ഞാൻ ഉറക്കത്തിൽ നിന്നും
എഴുന്നേറ്റിരുന്നു...

സാഗര എസ്.
രണ്ടാം വർഷ മലയാളം



# X'Mas Celebrations





# X'Mas Celebrations





# ഈ രക്തത്തിലെ പങ്ക്

എരിയുന്നത് മെഴുകുതിരിയല്ല
പച്ച മനുഷ്യൻ
പൊഴിയുന്നത് ഇതളുകളല്ല
പിഞ്ചുജീവൻ
ഒരു Kitkat breakൽ
Fantaയുടെ Funൽ
Nestcafeയുടെ ചൂടിൽ
Mc Donaldന്റെ രുചിയിൽ
Cococolaയുടെ നുരയിൽ
Nestleയുടെ ചോക്ലേറ്റ് മധുരത്തിൽ
L'Oreal തരും സൗന്ദര്യത്തിൽ
നാം കാണുന്നില്ല
കാണാൻ ആഗ്രഹിക്കുന്നില്ല
പിടയുന്ന ജീവനെ
അനാഥ ബാല്യത്തെ
അമ്മമാരുടെ പിളർന്ന ഹൃദയത്തെ
വിപണി കൈയ്യടക്കിയ വമ്പന്മാർ വഴി
ഇതാ കൊല്ലാൻ ഒരു കൈ സഹായം

ലക്ഷ്മിമോൾ സി.പി.
രണ്ടാം വർഷ ഇംഗ്ലീഷ്

സീതു എലിസബത്ത്



# അമ്മ സ്നേഹമോ?

ആകാശസീമയ്ക്കുമപ്പുറത്തെവിടെയോ
ഉയരുന്നു നിലയ്ക്കാത്ത തേങ്ങൽ
മേഘം പൊഴിച്ചൊരാമഴത്തുള്ളിക്കും
ഉപ്പുരസംതന്നെയെന്നുതോന്നി
അമ്മയാം ഭൂമി, നീചൊരിഞ്ഞ ചെമന്ന മഴ
അമ്മതൻ തെറ്റിൻ ഫലമോ?

ജീവവിശ്വാസം നിഷേധിക്കപ്പെട്ട
പിഞ്ചുപൈതൽ തൻ നിണമോ?
അമ്മതൻ മാറോടു പറ്റിക്കിടക്കുവാൻ
ആ മുല ചുരത്തും പാൽത്തുള്ളി നുണയുവാൻ
ആ മരച്ചോട്ടിൽകിടന്നുറങ്ങുവാൻ

ആയിരംസ്വപ്നങ്ങൾ നെയ്തകുഞ്ഞ
ആ അമ്മ തന്നത്‌വേദനയോ..... യാതനയോ....
സ്നേഹമാണമ്മേഎന്നെഴുതാൻ കൊതിച്ചൊരാ
കൈകൾഅറുത്തവൾമാറ്റി

അമ്മയാം വാത്സല്യാജനത്തെ കാണാൻ
കാത്തുസൂക്ഷിച്ചൊരാകണ്ണും
ചൂഴ്ന്നെറിഞ്ഞു...നൽകിമുറിവുകൾ സമ്മാനം
തിരികെ നൽകി നീ അവൾ തന്ന രക്തം....
പിന്നെ നെടുവീർപ്പാൽ ആ പ്രാണനും....

ആ രക്തംകുടിച്ച്ചടച്ചൊരാ അമ്മ
ജനിപ്പിച്ചുമറ്റൊരു നിന്നെ.....
സ്നേഹത്തിൻ തേൻതുള്ളി നുകരുവാൻ
വെമ്പിയ നാവ് പിഴുതെറിഞ്ഞു


സ്നേഹലാളനങ്ങൾക്കായ് തപസ്സിരുന്ന മേനി
മർദ്ദനങ്ങൾ ഏറ്റുവാങ്ങി
പാവട്ടിയിൽകിടന്നുരുകുന്ന വെറുമൊരു
മാംസപിണ്ഡമായി നിന്നെ മാറ്റി....

ഉരുകുന്ന മെഴുകുപോൽഎരിയുന്ന നിൻ ജീവൻ
കാണാത്തവളോ അമ്മ?
സ്നേഹമാണമ്മയെന്ന് ചൊല്ലി പഠിപ്പിച്ച ലോകമേ
എവിടെ ആ അമ്മ....
അറിയുന്നുഞാനിന്ന് മരണത്തെ പുൽകിയവൾ
പുനർജ്ജനിക്കുമോവീണ്ടും.?

# AT THE THRESHOLD OF LOVE

**Shane Shaji**

What is this feeling in my heart, that keeps me irritated?
What am I to name it, love or what? I don't know.
Concealed by daylight hours, in a shroud of taut restraint,
Smiling, speaking, acting-I can hope but can I hope you?
My heart is thirsty and your drops of love shall quench it.
Mine is an injured heart that heals by the nearness of love,
Yet your love becomes frozen when thoughts sweep in,
Thoughts of loneliness that breaks my heart into pieces.
The  world is odd and my heart laments in fearful silence.
My love, why are you still avoiding me with hatred?
Betrayed by the sheath of love my heart still yells for you,
In scornful silence, hope and unfruited dreams I live.
Hopes and dreams rest upon the cradle of love,
To be alone in love is to be alone forever.
No voices, no echoes, no gentle memories shared,
Me, a solitary tree bearing fruits of an unripened love.
Surrendering my heart and my love before you
Will you ever notice the thirst of my heart?
Hopes again tears the shroud of taut restraint,
Yet ,I dream of  a door opening to a fruitful life.






# MONEY MASTERS

Seethu Elizabeth Michael

Not an empty pocket seen
On those shirts and pants and jeans
Day by day it grows it seems
Though not in case of minds

For notes the wider mouth opens
The teeth never tires oh see.....
The law of satisfaction fails
For more units increase hunger

Not a day the hand could rest
With no bribery oh...how shame
It gets done by thrusting notes
In all purse and bags and sacks

More spacious cupboards should be
For the old ones can't hold all it seems
Oh...what more wrinkled paper has
That values it than human life?

''Cut those throats,
It's not a fault,
For it gives money
That hide our sins.''

This mantra echoes over world
Will it ever cease to exist
'Food lost taste .Give us notes
It is sweeter' taste buds say.

Money, money world prays for
All day long and all nights through
Oh...how insatiable minds have become
How unwise the wise have become.

Slaves are humans to those papers
That they have founded for their sake
Will their senses wake to know,
Will they ever realise the trap.

Wait a minute.your notes are wet
Tears of Gandhi made it wet
With lots and lots of Gandhi heads
How come you practice violence?

You spread chaos,acts as thugs
For nothing but what RBI issues
Stop this please this greed oh..please
Those Gandhi heads in cupboards weeps.

അറിഞ്ഞതിൽ പാതി പറയാതെ പോയി
പറഞ്ഞതിൽ പാതി പതിരായും പോയി
പകുതി ഹൃത്തിനാൽ വെറുത്തുകൊള്ളുക
ഇതെന്റെ രക്തമാണിതെന്റെ മാംസമാണെ-
ടുത്തു കൊള്ളുക...

നന്ദി...

അറിവു തന്ന ഗുരുക്കന്മാർക്ക്...
കൂടെ നടന്ന സൗഹൃദങ്ങൾക്ക്
നട്ടം തിരിച്ച വെയിലിന്...
തണൽ തന്ന കൈകൾക്ക്...
ചില്ലുകൂട്ടിലെ സ്വപ്നങ്ങൾക്ക്...
ഇനിയും ചിലതു സൃഷ്ടിക്കാനുണ്ട്
എന്നോർമ്മിപ്പിച്ച പ്രിയ കലാലയത്തിന്...
നന്ദി... നന്ദി... നന്ദി...



*Inauguration of Golden Jubilee Valedictory Function*



# DEVA MATHA COLLEGE


KURAVILANGAD
Affiliated to Mahatma Gandhi University
Kottayam District, Kerala-686 633
Ph : 04822-230233, 232951, Fax: 04822-232951
Website: www.devamatha.ac.in, E-Mail: principaldmck@gmail.com